പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ-181

17/09/2009-ൽ മറുപടി നൽകേണ്ടത്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. പി.ടി.എ. റഹിം | **ശ്രീ. പാലോളി മുഹമ്മദ് കുട്ടി**<br>**(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി)** |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് 16/02/2006 -ലെ സർക്കാർ ഉത്തരവ് (എം.എസ്) 58/06/തസ്വഭവ പ്രകാരവും മുനിസിപ്പാലിറ്റികളുടെ തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച് 30/08/2000 -ലെ ജി.ഒ.(പി) 247/2000/തസ്വഭവ പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (ഇവ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു). കൂടാതെ തനത് ഫണ്ടിന് തുല്യമായി കണക്കാക്കുന്ന ജനറൽ പർപ്പസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് 9/12/2004 ലെ സ.ഉ.(എം.എസ്) 330/04/തസ്വഭവ, 16/2/2006 -ലെ സ.ഉ. (എം.എസ്) 58/06/തസ്വഭവ, 15/3/2008-ലെ സ.ഉ.(എം.എസ്) 82/2008/ തസ്വഭവ എന്നീ ഉത്തരവുകൾ വഴി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (ഇവ അനുബന്ധം I, III, IV ആയി ചേർത്തിരിക്കുന്നു). |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങൾക്ക് തനത് ഫണ്ട് വിനിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |

(സി) പഞ്ചായത്തുകളുടെ തനത് ഫണ്ട് വിനിയോഗം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) പഞ്ചായത്തുകളുടെ തനത് ഫണ്ട് വിനിയോഗം ഉൾപ്പെടെയുള്ള മുഴുവൻ സാമ്പത്തിക ഇടപാടുകളും പെർഫോമൻസ് ആഡിറ്റ് മുഖേനയും, പഞ്ചായത്തുകളുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർ ആയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ മുഖേനയും ആഡിറ്റിന് വിധേയമാക്കുകയും ചെയ്തുവരുന്നു. കൂടാതെ കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ മുഖേനയും ആഡിറ്റിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ ലോക്കൽ ഫണ്ട് ആഡിറ്റ് കാര്യക്ഷമമായി നടക്കുന്നു എന്നുള്ളത് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിൻെറ കീഴിലുള്ള ടെക്നിക്കൽ ഗൈഡൻസ് ആൻറ് സൂപ്പർവിഷൻ സ്കീം മുഖാന്തിരം സാങ്കേതിക സഹായം നൽകിവരുന്നു.

(ഡി) തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വരുമാനം കുറവുള്ള പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന നൽകുമോ?

(ഡി) തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി 2-ാം ധനകാര്യ കമ്മീഷൻെറ ശുപാർശ പ്രകാരം ലൈസൻസ് ഫീസ് പുതുക്കുന്ന നടപടിക്രമങ്ങൾ നടന്നുവരികയാണ്. നീണ്ട നാളുകളായി പുതുക്കാതെ കിടക്കുന്ന വസ്തുനികുതി പരിഷ്കരിക്കാൻ നിയമ നടപടി പൂർത്തീകരിച്ചുവരുന്നു. കൂടുതൽ വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനു പ്രിസംപ്റ്റീവ് പ്രൊഫഷണൽ ടാക്സ് ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തതിനെ തുടർന്ന് കേസ് നടന്നുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിച്ചുനൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പഠിച്ച് ശുപാർശ നൽകാൻ 4-ാം ധനകാര്യ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ജനറൽ പർപ്പസ് ഫണ്ട് അനുവദിക്കുന്നതിനാൽ ഒരു പഞ്ചായത്തിനും തനത് ഫണ്ട് ഇല്ലാത്ത അവസ്ഥ സംജാതമാകുന്നില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.162. 17.09.2009-ൽ മറുപടിക്ക്.

## പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി.ഇ.എസ്. ബിജിമോൾ<br>ശ്രീ.ഏ.കെ.ചന്ദ്രൻ<br>ശ്രീ. കെ.രാജു | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിന്റെ 20% ഉപയോഗിച്ചും റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചും റോഡ് വികസന പദ്ധതികൾ തയ്യാറാക്കി വരുന്നു. 992 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമേ സാമ്പത്തിക ഉത്തേജക പാക്കേജിന്റെ (Economic Stimulus Package) ഭാഗമായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉദ്ദേശം 500 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളാണ് ഈ പാക്കേജിന്റെ മാനദണ്ഡങ്ങൾ |

| | |
|---|---|
| | അനുസരിച്ച് ഉൾപ്പെടുത്താൻ ഉദ്ദേശി ക്കുന്നത്. ഒക്ടോബർ-നവംബർ മാസത്തോടുകൂടി ഇത് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഗ്രാമീണ റോഡ് രൂപടം തയ്യാറാക്കാൻ തീരുമാനി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ രൂപടം തയ്യാറാക്കുന്നതുകൊ ണ്ടുദ്ദേശിക്കുന്നത് എന്താ ണെന്ന് വിശദമാക്കുമോ? | (ബി) ഉണ്ട്. ഇങ്ങനെ രൂപടം തയ്യാറാക്കു ന്നതുകൊണ്ട് പഞ്ചായത്തുകൾക്ക് പതിനൊന്നാം പദ്ധതിയിലെ മാനദണ്ഡങ്ങളിൽ നിഷ്കർഷി ച്ചിട്ടുള്ളതുപോലെ കണക്റ്റിവിറ്റി പ്ലാനിന് ശാസ്ത്രീയമായി രൂപം നൽകാൻ കഴിയും. മാത്രമല്ല-പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയ്ക്ക് വേണ്ടിയുള്ള കോർ നെറ്റ് വർക്ക് പുതുക്കുവാനും ഇത് സഹായിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.183, 17/9/09 ൽ മറുപടിക്ക്

## ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണം

| | ചോദ്യം<br>ശ്രീ കെ.ബി.ഗണേഷ് കുമാർ | ഉത്തരം<br>ധനകാര്യ വകുപ്പ് മന്ത്രി<br>ശ്രീ.തോമസ് ഐസക് |
|---|---|---|
| (എ) | ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണം വഴി ജീവനക്കാരെ രണ്ടു തട്ടിലാക്കിയ നടപടിക്കു പകരം പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ; | ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | പെൻഷൻ തീയതി ഏകീകരണത്തിലൂടെ നിയമനനിരോധനം സംഭവിക്കാതിരിക്കാൻ സർക്കാർ പ്രഖ്യാപിച്ച സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിയ്ക്കാനുള്ള തീരുമാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നു വ്യക്തമാക്കുമോ? | പെൻഷൻ തീയതി മാർച്ച് 31 ആയി ഏകീകരിച്ചില്ലായിരുന്നെങ്കിൽ പ്രവേശന തസ്തികകളിൽ ഉണ്ടാകുമായിരുന്ന Public Service Commission നിയമനത്തിന് ഭംഗം വരാതിരിക്കാൻ പ്രസ്തുത നിയമനത്തിന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് Public Service Commission ന് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് 4.7.09 ലെ ജി.ഒ.(പി) നം. 262/09/ധന ആയി ഉത്തരവ് നൽകിയിട്ടുണ്ട്. ഓരോ ത്രൈമാസത്തെയും തസ്തികകൾ മുൻകൂറായി സൃഷ്ടിച്ച് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാനാണ് നിർദ്ദേശിച്ചിരുന്നത് എന്നാൽ ഇപ്പോൾ 10.9.09 ലെ 79/09/ധന വകുപ്പ് സർക്കുലർ പ്രകാരം ഒരു വർഷത്തേക്ക് ഉണ്ടാകുമായിരുന്ന മുഴുവൻ തസ്തികകളും സൂപ്പർ ന്യൂമററി ആയി സൃഷ്ടിക്കുന്നതിനും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് ഇപ്രകാരം വിവിധ വകുപ്പുകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഒഴിവ് നികത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 184

17-9-2009 ൽ
മറുപടിയ്ക്ക്

ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേക്കൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന 7.4 ദശ ലക്ഷം പ്രതിദിന ശേഷിയുള്ള ജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണി പൂർത്തീകരിച്ചു വരുന്നു. 5 റിസോർട്ടുകളിലേയ്ക്കുള്ള റോഡ് മേജർ ഡിസ്ട്രിക്റ്റ് റോഡിന്റെ (എം.ഡി.ആർ) സ്റ്റാൻഡേർഡിൽ നിർമ്മിക്കുന്നതിനായി 20.21 കോടി രൂപ (ഇരുപതുകോടി ഇരുപത്തൊന്ന് ലക്ഷം രൂപ) യുടെ പദ്ധതി അംഗീകരിച്ചു. ഇതിനായി സ്ഥലമെടുപ്പിന് 1.85 കോടി (ഒരുകോടി എൺപത്തഞ്ചു ലക്ഷം രൂപ) രൂപ അനുവദിച്ചു. ബേക്കൽ ബീച്ച് പാർക്കിൽ 2 കോടി (രണ്ടു കോടി രൂപ) രൂപ ചെലവിൽ തുറമുഖ വകുപ്പ് മുഖേന നവീകരണ പ്രവർത്തനം നടത്തിവരുന്നു. ബേക്കൽ കോട്ട സന്ദർശിക്കുന്നവരുടെ സൗകര്യാർത്ഥം കോട്ടയ്ക്ക് സമീപത്ത് 45 ലക്ഷം (നാല്പത്തഞ്ചു ലക്ഷം രൂപ) രൂപ ചെലവിൽ പാർക്കിങ് ബേയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മൂന്ന് റിസോർട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചേറ്റുകുണ്ട് റയിൽവേ ഗേറ്റ് മുതൽ ചിറ്റാരി കടപ്പുറം വരെയുള്ള റോഡിന്റെ നിർമ്മാണം നടത്തിവരുന്നു. ചേറ്റുകുണ്ട് റയിൽവേ ഗേറ്റ് കമ്മീഷൻ ചെയ്തു. തൃക്കണ്ണാട് റയിൽ അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിനായി സാമ്പത്തിക സഹായം നല്കി |

| | |
|---|---|
| ബി) ബേക്കലിൽ എത്ര റിസോർട്ടുകളാണ് നിർമ്മിക്കുന്നത്, ഇവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; ബേക്കലിൽ എത്ര റിസോർട്ടുകളാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്; | ബി) & സി) അഞ്ച്; ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് & സ്പാ ഉദുമയിലെ ബേവൂരിയിൽ 2009-ൽ സജ്ജമാകും. ഖന്ന ഗ്രൂപ്പ് ഉദുമ കാപ്പിൽ നിർമ്മിക്കുന്ന റിസോർട്ടിന്റെ നിർമ്മാണം 2010-ൽ പൂർത്തീകരിക്കും. ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്കയിൽ നിർമ്മാണത്തിലിരിക്കുന്ന ഹോളിഡേ ഗ്രൂപ്പിന്റെ നിർമ്മാണ പ്രവർത്തനം 2010-ൽ ആരംഭിക്കും. പള്ളിക്കര പഞ്ചായത്തിലെ ചേറ്റുകുണ്ടിൽ എയർട്രാവൽ എന്റർപ്രൈസസ് നിർമ്മിക്കുന്ന റിസോർട്ട് പ്രാരംഭ ഘട്ടത്തിലാണ്. ഉദുമ പഞ്ചായത്തിലെ കുതിരിൽ ഗ്ലോബ് ലിങ്ക് ഹോട്ടൽസ് ആന്റ് എന്റർടെയിൻമെന്റ് ഹോട്ടൽ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ രണ്ട് റിസോർട്ടുകളും 2011-ൽ പൂർത്തീകരിക്കുന്നതാണ്. നിലവിൽ ബേക്കലിൽ ഒരു റിസോർട്ടും പ്രവർത്തന സജ്ജമായിട്ടില്ല. |
| സി) അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | |
| ഡി) ബേക്കലിൽ രണ്ടാംഘട്ട റിസോർട്ടുകൾക്കായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്; ഏതെല്ലാം പ്രദേശങ്ങളാണ് ഇതിനായി പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | ഡി) പരിഗണനയിൽ ഇല്ല. |

(signature)

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.185 17.09.2009 ൽ മറുപടിക്ക്**

**സംസ്ഥാനങ്ങളുടെ വാർഷിക കടമെടുക്കൽ പരിധി**

| | ചോദ്യം<br>ശ്രീ. ബി. ബാബു പ്രസാദ് | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ധനകാര്യ മന്ത്രി |
|---|---|---|
| എ. | സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുക്കൽ പരിധി വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുക്കൽ പരിധി വെട്ടിക്കുറച്ചിട്ടില്ല. കടമെടുക്കൽ പരിധി ആഭ്യന്തര ഉൽപാദനത്തിന്റെ 3.5 ശതമാനത്തിൽ നിന്ന് 4 ശതമാനമായി വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. |
| ബി. | എങ്കിൽ ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് കടമെടുക്കാൻ കഴിയുന്ന തുകയെന്നു വ്യക്തമാക്കുമോ; | ആഭ്യന്തര ഉൽപാദനത്തിന്റെ 3.5 ശതമാനം എന്ന നിലവിലുള്ള വായ്പാ പരിധി അനുസരിച്ച് സംസ്ഥാനത്തിന് 6212 കോടി രൂപയുടെ കടമെടുപ്പാണ് അനുവദനീയമായിരുന്നത്. കേന്ദ്ര സർക്കാർ നടപ്പ് സാമ്പത്തിക വർഷത്തിൽ വായ്പാ പരിധി 4 ശതമാനമായി വർദ്ധിപ്പിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ കടമെടുപ്പ് 7099 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതേ സമയം 2009-10 ലെ സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്ത ഉൽപ്പാദനം 200112 കോടിയായി പുനർനിർണ്ണയിച്ചിട്ടുള്ളതിനനുസൃതമായി സംസ്ഥാനത്തിന് അനുവദനീയമായ വായ്പാ തുക വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അംഗീകരിക്കുകയാണെങ്കിൽ സംസ്ഥാനത്തിന് നടപ്പ് സാമ്പത്തിക വർഷം 8004 കോടി രൂപ കടമെടുക്കാൻ കഴിയും. |
| സി. | സംസ്ഥാനത്തിന് എത്ര കോടി രൂപ കടം എടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 186 17/9/2009-ൽ മറുപടി പറയേണ്ടത്.

**വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എ.എം. യൂസഫ്<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) വഖഫ് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) വഖഫ് ബോർഡ്, വഖഫ് സ്ഥാപനങ്ങൾ എന്നിവയുടെ ക്രമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി 1952 ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് (Central Act 60 of 1952) പ്രകാരം മുൻ ജില്ലാ ജഡ്ജി എം. എ നിസ്സാർ ചെയർമാനും മുൻ പ്രോസിക്യൂഷൻ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) അബൂബേക്കർ ചെങ്ങാട്ട് മെമ്പർ സെക്രട്ടറിയായും വഖഫ് എൻക്വയറി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br>കമ്മീഷന്റെ ചിലവിലേയ്ക്കായി 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട് |
| (ബി) വഖഫ് ബോർഡിനുള്ള ഗ്രാന്റ് സർക്കാർ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ; | വഖഫ് ബോർഡിന്റെ ഭരണച്ചെലവുകൾക്കുള്ള വാർഷിക ഗ്രാന്റ് 50 ലക്ഷം രൂപയാണ്. വഖഫ് കാര്യ മന്ത്രി അദ്ധ്യക്ഷനായ വഖഫ് ബോർഡ് സാമൂഹ്യക്ഷേമ പദ്ധതിയുടെ ഗ്രാന്റ് 50 ലക്ഷം രൂപയിൽ നിന്ന് ഒരുകോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി 50 ലക്ഷം രൂപ ബോർഡിന് നൽകിയിട്ടുണ്ട്. |

(സി) വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) 1995-ലെ വഖഫ് ആക്ട്, 1996-ലെ വഖഫ് റൂൾ എന്നിവയനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. വഖഫ് വസ്തുക്കളുടെ അനധികൃത കൈമാറ്റം സംബന്ധിച്ച് ബോർഡിൽ വിവരം ലഭിച്ചാൽ വഖഫ് ആക്ടിലെ സെക്ഷൻ 52 പ്രകാരം ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ്നൽകി വിളിച്ചുകേട്ട് അനധികൃതകൈമാറ്റം ബോദ്ധ്യപ്പെട്ടാൽ അന്വേഷണ റിപ്പോർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡ് മുമ്പാകെ സമർപ്പിച്ച് ബോർഡ് തീരുമാനപ്രകാരം ജില്ലാ കളക്ടർ മുഖേന അന്യാധീനപ്പെട്ട വസ്തു തിരിച്ചു പിടിക്കുവാൻ നടപടി സ്വീകരിക്കുന്നു. വഖഫ് വസ്തു അന്യായമായി കൈയ്യേറി കൈവശം വെച്ചാൽ സെക്ഷൻ 54 പ്രകാരം മേൽപ്പറഞ്ഞ നടപടി ക്രമം പാലിച്ച് തിരിച്ച് പിടിയ്ക്കുന്നു..

(ഡി) പുതുതായി എന്തെങ്കിലും ക്ഷേമപദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കഴിഞ്ഞ വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളിൻമേൽ അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(ഇ) കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് 1952 പ്രകാരം ശ്രീ. എം.എ. നിസ്സാർ ചെയർമാനും ശ്രീ. അബൂബക്കർ ചെങ്ങാട്ട് മെമ്പർ സെക്രട്ടറിയായും വഖഫ് എൻക്വയറി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187 | 17.09.2009 ലെ മറുപടിക്ക്

## ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ. വി.ശശികുമാർ | ഡോ.റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) വാണിജ്യ നികുതി വകുപ്പിൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. ഉൽപന്ന സേവന നികുതി സമ്പ്രദായം 01.04.2010 മുതൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്നുവെന്ന് 2006 ലെ കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം സേവനങ്ങളും സംസ്ഥാനത്തിന് കൈമാറണം, ചരക്കുകളുടെ നികുതി നിരക്ക് എത്രയായിരിക്കണം, നഷ്ടപരിഹാര പാക്കേജ് എങ്ങനെയായിരിക്കണം തുടങ്ങി ഒട്ടനവധി കാര്യങ്ങളും സംസ്ഥാന ധനകാര്യ മന്ത്രിമാരുൾപ്പെടുന്ന ഉന്നതാധികാര സമിതിയിൽ ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. ഇതിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) ഈ സമ്പ്രദായംമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും എന്തെല്ലാമാണ്; | (ബി) ഉല്പന്നസേവനനികുതി എന്നത് പുതിയ നികുതി സമ്പ്രദായമല്ല. ഇത് മൂല്യവർദ്ധിതനികുതി സമ്പ്രദായത്തിന്റെ യുക്തിസഹമായ ഉപസംഹാരമാണ് (logical conclusion). മൂല്യവർദ്ധിത നികുതിയുൾപ്പെടെ സംസ്ഥാനത്തെ പല നികുതികളും ഏകീകൃതമായി ഇതിൽ ലയിച്ചുചേരും (subsumed). ഉപഭോക്തൃസ്ഥാനത്ത് നികുതി ലഭിക്കുന്ന രീതിയിൽ (destination based) ഈ സമ്പ്രദായം നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമായിരിക്കും. സംസ്ഥാനത്ത് നിലവിലുള്ള മൂല്യവർദ്ധിതനികുതി നിയമപ്രകാരം അന്തർസംസ്ഥാന പർച്ചേസിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നില്ല. എന്നാൽ ഉൽപന്ന സേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന പർച്ചേസുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കും. സേവനനികുതി ഇപ്പോൾ പിരിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇതിൽ നിന്നും ചില സേവന മേഖലകൾ സംസ്ഥാനത്തിന് കൈമാറ്റം ചെയ്തുകിട്ടും. ഇത് സംസ്ഥാനത്തിന് നേട്ടമാണ്. മൂല്യവർദ്ധിതനികുതി നിയമം നടപ്പാക്കിയപ്പോൾ സംസ്ഥാനങ്ങൾക്ക് സംഭവിച്ച നഷ്ടം നികത്തുന്നതിനായി ഏർപ്പെടുത്തിയതിലും കാര്യക്ഷമമായ സംവിധാനം ഈ ഘട്ടത്തിലും ഏർപ്പെടുത്തണമെന്നതാണ് സംസ്ഥാനസർക്കാരിന്റെ അഭിപ്രായം. ഇത് അംഗീകരിക്കപ്പെടുകയാണെങ്കിൽ ഇതും നേട്ടമായിരിക്കുമെന്നതിൽ സംശയമില്ല. |

(സി) ഈ സമ്പ്രദായത്തിലൂടെ ഏതെല്ലാം സേവനമേഖലകളാണ് സംസ്ഥാനത്തിനു വിട്ടുനൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അന്തിമതീരുമാനം ആയിട്ടില്ല.

(ഡി) ജി.എസ്.ടി. നടപ്പാക്കുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(ഡി) പുതിയ നികുതി സമ്പ്രദായം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി റവന്യൂ ന്യൂട്രൽ റേറ്റ്, നഷ്ടപരിഹാരപാക്കേജ് എന്നിവയെക്കുറിച്ച് പഠിക്കുന്നതിനായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 5 അംഗ കമ്മിറ്റി രൂപീകരിക്കുകയും ശുപാർശകൾ സർക്കാരിലേക്ക് സമർപ്പിക്കുകയും നിബന്ധനകൾക്ക് വിധേയമായി സർക്കാർ അവ അംഗീകരിക്കുകയും ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. കൂടാതെ, ഒരു പൂർണ്ണമായ കമ്പ്യൂട്ടർവൽകൃത അന്തരീക്ഷത്തിലാണ് ജി.എസ്.ടി. കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയുക എന്നതു മുന്നിൽ കണ്ട് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവും ത്വരിത ഗതിയിൽ നടപ്പാക്കി വരികയാണ്.

(ഇ) ജി.എസ്.ടി. സമ്പ്രദായം ഏതെല്ലാം സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; അവിടുത്തെ അനുഭവങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഇ) ഇന്ത്യയിൽ 1.4.2010 മുതൽ ജി.എസ്.ടി. സമ്പ്രദായം നടപ്പാക്കുമെന്ന കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നികുതി സമ്പ്രദായം ഇതുവരെയും ഒരു സംസ്ഥാനത്തും നടപ്പാക്കിയിട്ടില്ല. സംസ്ഥാന ധനകാര്യമന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതാധികാരസമിതി ഇതിനെക്കുറിച്ച് ചർച്ച ചെയ്തു വരികയാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 188 17-09-2009-ന് വാങ്മൂലം മറുപടിയ്ക്ക്

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് പോലീസ് സേനയ്ക്ക് പരിശീലനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. ബാബു പോൾ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് പോലീസ് സേനയ്ക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ പരിശീലന പദ്ധതിയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ ; | (എ) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് ആവശ്യമായ പ്രാഥമിക പരിശീലനം പോലീസ് സേനാംഗങ്ങളുടെ അടിസ്ഥാന പരിശീലനത്തോടൊപ്പം നൽകിവരുന്നുണ്ട്. |
| ബി) ഇത്തരത്തിൽ പരിശീലനം നേടിയ എത്ര പോലീസ് സേനാംഗങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ ;<br>സി) മുഴുവൻ പോലീസ് സേനാംഗങ്ങൾക്കും ഈ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പരിശീലനം എത്രകാലംകൊണ്ട് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും<br>ഇപ്പോൾ സർവ്വീസിൽ ചേരുന്ന എല്ലാ സേനാംഗങ്ങൾക്കും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് ആവശ്യമായ പ്രാഥമിക പരിശീലനം നൽകിവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.189. 17.09.2009-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. മുരളി<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ.വർക്കല കഹാർ | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതുതായി എന്തെല്ലാം അധികാരം നൽകി; | (എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതുതായി അധികാരങ്ങൾ നൽകി യിട്ടില്ല. |
| (ബി) പുതിയ അധികാരങ്ങൾ നൽകിയതിന്റെ ഫലമായി അവയുടെ ജോലി ഭാരം വർദ്ധിച്ചിട്ടുണ്ടോ; | (ബി) പുതിയ അധികാരങ്ങൾ നൽകിയിട്ടില്ലെങ്കിൽപ്പോലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ അതിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. 15.01.08 ലെ സ.ഉ.(എം.എസ്)നം.15/2008/ തസ്വഭവ- പ്രകാരം പഞ്ചായത്ത് വകുപ്പിൽ ഒരു അഡീഷണൽ ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ചു. 02.03.09 ലെ സർക്കുലർ നമ്പർ 79865/ഇപിഎ1/2008/തസ്വഭവ പ്രകാരം സംസ്ഥാനത്തെ |

ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താത്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 15.03.08 ലെ സ.ഉ.(എം.എസ്)83/2008/ തസ്വഭവ ഉത്തരവ് പ്രകാരം 21 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്മാരെ നിയമിച്ചിട്ടുണ്ട്. 13.02.09 ലെ സ.ഉ.(എം.സ്)നം.29/2009/തസ്വഭവ പ്രകാരം 190 ജൂനിയർ ബിൽകളക്ടർ തസ്തികയ്ക്കു പകരമായി എൽ.ഡി ക്ലാർക്ക് തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 26.06.09 ലെ സ.ഉ.(എം.എസ്)നം.118/2009/ തസ്വഭവ പ്രകാരം 8 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി പുനർ നാമകരണം ചെയ്തു. 642 ഗ്രാമപഞ്ചായത്തുകളിൽ ഒരു യു.ഡി ക്ലാർക്ക് തസ്തികവീതം അക്കൗണ്ടന്റ് തസ്തികയായി ഉയർത്തി. 339 ഗ്രാമപഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചു.

ഗ്രാമപഞ്ചായത്തുകൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയതിന്റെ ഭാഗമായി അസിസ്റ്റന്റ് എൻജിനീയർ/ഓവർ

സിയർ; അക്കൗണ്ടന്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ എന്നീ തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിനും ഒരു കോ-ഓർഡിനേറ്ററെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു അക്കൗണ്ടന്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്ററേയും ഒരു എഞ്ചിനീയറേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ജീവനക്കാരുടെ പുനർ വിന്യാസത്തിന്റെയും താത്ക്കാലികാടിസ്ഥാനത്തിലുള്ള നിയമനത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാന, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും ഓരോ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ തസ്തിക കൂടി 13.05.09 ലെ സ.ഉ (എം.എസ്)നം.82/2009/തസ്വഭവ പ്രകാരം അനുവദിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പിൽ 5 കോർപ്പറേഷനുകളിൽ അഡീഷണൽ

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ സെക്രട്ടറിയുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഗുരുവായൂർ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളിൽ അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 190 — 17.09.2009 ൽ മറുപടിയ്ക്ക്

ഇ.എം.എസ് പാർപ്പിട പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ.ജയരാജ് | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് പാർപ്പിട പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | ഇ.എം.എസ് പാർപ്പിട പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള അവസാന തീയതി 2009 സെപ്റ്റംബർ 30 ആണ്. ഇ.എം.എസ് പാർപ്പിട പദ്ധതി നടപ്പാക്കുന്നതിന് വായ്പ ആവശ്യമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ഭവനരഹിത/ഭൂരഹിത കുടുംബങ്ങൾ ഇ.എം. എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹരാണ്. പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യ തൊഴിലാളികൾ എന്നീ വിഭാഗങ്ങളിലെ ഭവനരഹിത/ഭൂരഹിത വിഭാഗങ്ങളും ഇ. എം. എസ് ഭവന നിർമ്മാണ ധന സഹായത്തിന് അർഹരാണ്. പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിന് വിവിധ തലങ്ങളിൽ പരിശോധനാടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പരിശോധനാ ടീം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും യോഗ്യരെ നിശ്ചയിക്കുക. പരിശോധനാ പ്രക്രിയ പൂർത്തിയാക്കിയതിനുശേഷം മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സമഗ്ര ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും |

ഗ്രാമസഭയുടെ അംഗീകാരം തേടുകയും ചെയ്യുന്നു. മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കുവാനുദ്ദേശിക്കുന്ന (2008-09-2010-11) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭ്യമാക്കുന്ന തുക പൊതു വിഭാഗത്തിന് 50,000 രൂപ എന്നത് 75,000/- രൂപയായും പട്ടികജാതിക്കാർക്ക് 75,000/- രൂപ ഒരു ലക്ഷമായും പട്ടികവർഗ്ഗക്കാർക്ക് ഒരു ലക്ഷം രൂപ എന്നത് 1,25,000/- രൂപയായും 1/4/09-മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനായി പട്ടിക ജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയ കുടുംബങ്ങൾ, റയിൽവേ റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർ എന്നിവർക്ക് ഗ്രാമപഞ്ചായത്തിൽ 75,000/- രൂപയായും മുനിസിപ്പാലിറ്റികളിൽ 90,000/- രൂപയും കോർപ്പറേഷനുകളിൽ 1,00,000/- രൂപയും മറ്റുള്ളവർക്ക് ഗ്രാമപഞ്ചായത്തിൽ 37,500 രൂപയായും നഗരസഭയിൽ 45,000/- രൂപയായും കോർപ്പറേഷനിൽ 50,000/- രൂപയായും 1/4/09-മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## പന്ത്രണ്ടാം നിയമസഭ

പന്ത്രണ്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *191
17.09.2009 ൽ മറുപടിയ്ക്ക്

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.എം.എം.മോനായി<br>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 191 * | ബഹു. ധനകാര്യ വകുപ്പുമന്ത്രി<br>ഡോ.തോമസ് ഐസക് |

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ; | ഉദ്ദേശിക്കുന്നുണ്ട്. |
| ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി വകുപ്പിന്റെ പ്രവർത്തനങ്ങൾ പഠിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) പുന:സംഘടന സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് അറിയിക്കുമോ; | പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) എന്ന ഏജൻസിയാണ് പഠനം നടത്തിയത്. |
| ഡി) പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ; | ഐ.സി.എ.ഐ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ചുവടെ പേർക്കുന്നു<br>1. വകുപ്പിൽ പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ അടിയന്തിരമായി നടപ്പിലാക്കുക<br>2. നിലവിലുള്ള സിങ്കിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിനു |

| | |
|---|---|
| | പകരം ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുക<br>3. ലൈഫ്, ജനറൽ ഇൻഷ്വറൻസ് വിഭാഗങ്ങളിൽ പുതിയ ഉൽപ്പന്നങ്ങൾ ആരംഭിക്കുക<br>4. പൊതുമേഖലാ, എയിഡഡ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതി നിർബന്ധിതമാക്കുക<br>5. പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പദ്ധതി നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പു വഴി തന്നെ നടപ്പിലാക്കുക<br>6. സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡു കളുടേയും, വകുപ്പുകളുടേയും ക്ഷേമ പദ്ധതികൾ ഇൻഷ്വറൻസ് വകുപ്പു വഴി നടപ്പിലാക്കുക<br>7. ആക്ചൂറിയൽ വാല്യുവേഷൻ വാർഷികമായി നടപ്പിലാക്കുക<br>8. വകുപ്പിന് കൂടുതൽ സ്വയം ഭരണാധികാരം നൽകുക<br>9. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിലുള്ള പ്രീമിയം സ്ലാബുകൾ പുതുക്കി നിശ്ചയിക്കുക<br>10. ബിസിനസ് ഡെവലപ്മെന്റ് സെൽ രൂപീകരിക്കുക<br>11. വകുപ്പിന് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകുക<br>12. നടപടിക്രമങ്ങൾ ലഘൂകരിക്കുക<br>13. നിലവിലുള്ള റീ-ഇൻഷ്വറൻസ്, കോ-ഇൻഷ്വറൻസ് ഉടമ്പടികൾ പരിശോധിച്ച് പരിഷ്ക്കരിക്കുക |
| ഇ) സ്റ്റേറ്റ് ലൈഫ് ക്ളെയിമുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ? | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ക്ളെയിമുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ക്ളെയിം തീർപ്പാക്കുന്നതിലെ കാലസാമസം ഒഴിവാക്കുന്നതിലേയ്ക്ക് ഇൻഷ്വറൻസ് ഡയറക്ടറുടെ ആഫീസിലും, ജില്ലാ ഇൻഷ്വറൻസ് ആഫീസുകളിലും മാസത്തിൽ രണ്ടു ദിവസം പരാതി കേൾക്കുന്നതിനും, ടി പരാതിയിൽ തീർപ്പ് വരുത്തുന്നതിനുമായി നീക്കിവച്ചിട്ടുണ്ട്. സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസികളിലെ കുടിശ്ശിക ജോലികൾ തീർക്കുന്നതിന് കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ |

| | |
|---|---|
| | 9 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിൽ 6 മാസത്തേയ്ക്ക് 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ വീതം ദിവസക്കൂലി വ്യവസ്ഥയിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും താൽക്കാലിക നിയോഗത്തിനായി സ.ഉ.(സാധാ) നം.6056/09/ധന തീയതി 08.09.2009 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 192 — 17.09.2009- ൽ മറുപടിക്ക്.

## ഗ്രാമീണ കോടതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ എന്തായി എന്ന് വ്യക്തമാക്കുമോ ; | : (എ) സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമീണ കോടതികൾ സ്ഥാപിക്കുവാൻ ഹൈക്കോടതി ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശയിന്മേൽ സംസ്ഥാന സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഗ്രാമീണ കോടതികൾ ബ്ലോക്കടിസ്ഥാനത്തിലാണോ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലാണോ തുടങ്ങുന്നതെന്ന് വ്യക്തമാക്കുമോ | : (ബി) ഗ്രാമീണകോടതികൾ ബ്ലോക്കടിസ്ഥാനത്തിലാണ് തുടങ്ങുവാൻ ശുപാർശ ചെയ്തിരിക്കുന്നത്. |
| (സി) പ്രസ്തുത കോടതികളിൽ ഏതൊക്കെ സ്വഭാവത്തിലുള്ള കേസുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ; | : (സി) സിവിലും ക്രിമിനലുമായ കേസുകൾ കൈകാര്യം ചെയ്യുന്നതാണ്. |
| (ഡി) കോടതികളുടെ പ്രവർത്തനം പെട്ടെന്ന് തുടങ്ങുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | : (ഡി) എത്രയും വേഗം തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു. |

(ഇ) ഇത്തരം കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ക്വാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് ക്വാളിഫിക്കേഷൻ ;

: (ഇ) ഒരു ജുഡീഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റിന് തുല്യമായ ക്വാളിഫിക്കേഷനാണ് ഗ്രാമീണ കോടതികളിലെ ന്യായാധികാരിക്ക് ആവശ്യമുള്ളത്.

(എഫ്) നിയമബിരുദമാണ് യോഗ്യതയെങ്കിൽ 5 വർഷത്തിൽ കുറയാത്ത പ്രാക്ടീസുള്ള അഭിഭാഷകരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

: (എഫ്) ഗ്രാമീണകോടതികളിലെ ന്യായാധികാരിയായി കേരള ജുഡീഷ്യൽ സർവ്വീസിലെ ജുഡീഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ്/മുൻസിഫ് എന്നിവരെ തിരഞ്ഞെടുക്കുന്നതിനാവശ്യമായ യോഗ്യതയുള്ള നിയമബിരുദധാരികളെ നിയമിക്കാവുന്നതാണ്.

(ജി) പ്രസ്തുത കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ നിയമന രീതി എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

: (ജി) കേരള ജുഡീഷ്യൽ സർവ്വീസിലെ ജുഡീഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ്/മുൻസിഫ് എന്നിവരെ തിരഞ്ഞെടുക്കുന്ന രീതിയിൽ തന്നെയാണ് ഗ്രാമീണ കോടതികളിലെ ന്യായാധികാരികളെ തിരഞ്ഞെടുക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.193

17/9/2009 -ൽ മറുപടിക്ക്

## 'സമഗ്ര' യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ;<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ;<br>ശ്രീമതി.ജെ.അരുന്ധതി;<br>ശ്രീ.സാജു പോൾ;<br>ശ്രീ[illegible].ബി.ഡി.ദേവസ്സി. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീ സംരംഭമായ 'സമഗ്ര' യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | പ്രാദേശിക ഉല്പാദന വിപണന ശൃംഖല സൃഷ്ടിച്ച് ദരിദ്രർക്ക് പരമാവധി തൊഴിൽ ദിനങ്ങളും ഉയർന്ന വരുമാനവും ലഭ്യമാകുന്നതിലേക്ക് കുടുംബശ്രീ ആവിൾകരിച്ച് വിവിധ ജില്ലകളിൽ നടപ്പിലാക്കിവരുന്ന പരിപാടിയാണ് സമഗ്ര മെച്ചപ്പെട്ട രീതിയിൽ ഇതു നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം-1 ൽ ചേർക്കുന്നു. |
| (ബി) പദ്ധതിപ്രകാരം ഏതെല്ലാം പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്; | (ബി) | അനുബന്ധം 2 ൽചേർത്തിരിക്കുന്നു |
| (സി) പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; എല്ലാ പ്രോജക്ടുകളും ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോ; | (സി) | പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള സംവിധാനം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.<br>സമഗ്ര ബഹുവർഷ പദ്ധതികളാണ്. ഇവ ഇപ്പോൾ പ്രാരംഭ ഘട്ടത്തിലായതിനാൽ ലാഭനഷ്ടം കണക്കാക്കാൻ സമയമായിട്ടില്ല. എന്നാൽ ഈ പ്രോജക്ടുകളിലെ സംരംഭകർക്ക് വരുമാനം മെച്ചപ്പെട്ടതായി കാണുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിവിധ യൂണിറ്റുകളിൽ ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് നിലവിലുള്ള സംവിധാനം എന്താണ്; | (ഡി) | സമഗ്രയുമായി ബന്ധപ്പെട്ട വിപണന സംവിധാനങ്ങൾ ഫലപ്രദമാക്കുന്നതിലേയ്ക്ക് സംസ്ഥാനതലത്തിൽ സീനിയർ മാർക്കറ്റിംഗ് കൺസൽട്ടന്റ് നേതൃത്വം നൽകുന്ന മാർക്കറ്റിംഗ് ടീമിനെ നിയോഗിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ കുടുംബശ്രീയുടേതായ മാർക്കറ്റിംഗ് സംവിധാനങ്ങൾ രൂപപ്പെടുത്തി വരികയാണ്. തൃശൂർ ജില്ലയിൽ കൊടകര ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക് ഇതിനകം ആരംഭിച്ചു കഴിഞ്ഞു. സ്വകാര്യ സംരംഭകരുമായി ചേർന്ന് സംയുക്തമായി മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി വരുന്നു. എറണാകുളത്ത് നടപ്പിലാക്കി വരുന്ന പൈനാപ്പിൾ സമഗ്ര പ്രോജക്ടിൽ നടുക്കര അഗ്രോ പ്രോസസിംഗ് കമ്പനിയാണ് മാർക്കറ്റിംഗിലെ പ്രധാന പങ്കാളി. തിരുവനന്തപുരത്ത് നടപ്പിലാക്കി വരുന്ന നേന്ത്രൻ സമഗ്ര പ്രോജക്ടിൽ സ്വകാര്യ സംരംഭകരായ പ്രോവിൻസ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡാണ് മാർക്കറ്റിംഗ് നിർവ്വഹിക്കുന്നത്. ഗുരുവായൂർ ദേവസ്വവുമായി ചേർന്ന് നടപ്പിലാക്കുന്ന പൂജക്കദളി (നിവേദ്യം) പ്രോജക്ടിൽ സഹകരണ സംഘങ്ങളാണ് കദളിക്കുല ക്ഷേത്രത്തിലെത്തിക്കുന്നതിലേയ്ക്കുള്ള മാർക്കറ്റിംഗ് നെറ്റ് വർക്കായി പ്രവർത്തിക്കുന്നത്. |
| (ഇ) | പദ്ധതിയുമായി ബന്ധപ്പെട്ട് എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇതിനകം 24925 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

- സമഗ്ര പ്രോജക്ടുകൾ ജില്ലാ പ്ലാനിംഗ് സമിതികൾ അംഗീകരിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു.
- പ്രോജക്ടിന്റെ മൊത്തത്തിലുള്ള മോണിറ്ററിംഗ് ചുമതലയും ഡി.പി.സി.കൾക്കു നൽകി.
- പ്രോജക്ടുകളുടെ സാധ്യതാ പഠനവും സാങ്കേതിക ഉപദേശവും നൽകുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള RIAB എന്ന സ്ഥാപനത്തിന്റെ സഹായം ലഭ്യമാക്കി.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പദ്ധതിയിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളേയും ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭരണ നിർവ്വഹണ സമിതികൾ രൂപീകരിച്ചു.
- പദ്ധതികളുടെ നടത്തിപ്പിന് പിന്തുണാ സംവിധാനമായി അതത് ജില്ലകളിൽ റിസോഴ്സ്പേഴ്സൺമാരുടെ സഹായം ലഭ്യമാക്കി.
- സംസ്ഥാന മിഷൻതലത്തിലും ജില്ലാ മിഷൻതലത്തിലുമുള്ള പ്രതിമാസ പ്രോഗ്രാം റിവ്യൂ മീറ്റിംഗുകളിൽ സമഗ്ര പദ്ധതികളുടെ അവലോകനം നടത്തുന്നുണ്ട്.
- കുടുംബശ്രീ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി സമഗ്ര പദ്ധതികൾക്ക് പിന്തുണാ പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നു.
- സമഗ്ര പദ്ധതികളുടെ നടത്തിപ്പിനായി വിശദമായ ഓപ്പറേഷണൽ ഗൈഡ്ലൈൻ തയ്യാറാക്കി വരുന്നു.

കൂടാതെ, പരിപാടികൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിലേയ്ക്കായി പ്രത്യേക സാങ്കേതിക ഇടപെടൽ ആവശ്യമായ പ്രോജക്ടുകൾക്ക് മാത്രമായി അതാതു മേഖലയിൽ പ്രാവീണ്യമുള്ള കൺസൽട്ടന്റുമാരെ നിയമിക്കുന്നുണ്ട്. പ്രോജക്ടുകളുടെ വൈവിധ്യത്തിന് അനുസരിച്ച് അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ സഹായവും പ്രോജക്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല, സി.എഫ്.റ്റി.ആർ.ഐ (സെൻട്രൽ ഫ്രൂട്ട്സ് ആന്റ് ടെക്നോളജി റിസർച്ച് സെന്റർ) ബാംഗ്ലൂർ, സി.റ്റി.സി.ആർ.ഐ (സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് മിഷൻ)ശ്രീകാര്യം, സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ, വി.എഫ്.പി.സി.കെ (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള) എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

ഓരോ സമഗ്ര പ്രോജക്ടുകളിലേയും ഉത്പ്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചു വരുന്നു. സമഗ്ര പദ്ധതിയുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള നിലനിൽപ്പിനെ ഉദ്ദേശിച്ചുകൊണ്ട് വിപണന രംഗത്ത് താഴെപ്പറയുന്ന തന്ത്രങ്ങളാണ് നടപ്പാക്കി വരുന്നത്.

- സ്വകാര്യ സ്ഥാപനങ്ങളുമായുള്ള ടൈഅപ്പ് (ഉദാ: വി. കെ സി. ഇൻഡസ്ട്രീസ്)
- വിവിധ സ്ഥാപനങ്ങളുമായുള്ള ടൈഅപ്പ് (ഉദാ: ഗുരുവായൂർ ദേവസ്വം, നടുക്കര സൊസൈറ്റി)
- ഉത്പ്പന്നങ്ങളുടെ ബ്രാന്റിംഗ് (ഉദാ: കാസർകോട് പറങ്കി നട്സ്)
- പ്രാദേശിക വിപണന ശൃംഖല (ഉദാ:ക്ഷീരശ്രീ)
- ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിവയിലൂടെ സാമൂഹ്യാധിഷ്ഠിത വിപണന ശൃംഖല (ഉദാ: പൂജക്കദളി, മാസച്ചന്തകൾ)
- വിപണന മേളകളിലൂടെയും പ്രദർശന മേളകളിലൂടെയുമുള്ള വിൽപ്പന

- വിപണന മേഖലയിലെ പ്രൊഫഷണൽ സപ്പോർട്ട്
    - വിപണി പഠനം
    - വില നിശ്ചയിക്കുന്നതിനുള്ള തന്ത്രങ്ങൾ
    - സംഭരണത്തിനുള്ള ടൈഅപ്പ്
    - പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം (പരിഗണനയിൽ).

സെക്രട്ടറി [signature]

അനുബന്ധം 2

സമഗ്ര പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രോജക്ടുകളാണ് വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നത്.

| ക്രമ നം. | ജില്ല | പ്രോജക്ട് | അടങ്കൽ തുക (കോടിയിൽ) | നേരിട്ടുള്ള ഗുണഭോക്താക്കൾ | ഉല്പാദനം (ടൺ) |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | സമഗ്ര (നേന്ത്രൻ) | 42.66 | 30000 | 36,000 |
| 2. | തിരുവനന്തപുരം | ഹരിതശ്രീ | 10.07 | 9500 | 15,000 |
| 3. | തിരുവനന്തപുരം | ക്ഷീരശ്രീ | 39.00 | 5370 | 365 ലക്ഷം ലിറ്റർ പാൽ |
| 4. | കൊല്ലം | നെടുമ്പന മിനി അപ്പാരൽ പാർക്ക് | 0.71 | 50 | 330000 യൂണിറ്റ് |
| 5. | എറണാകുളം | തിരുമധുരം (പൈനാപ്പിൾ) | 33.33 | 12500 | 20,000 |
| 6. | എറണാകുളം | ഹരിതശ്രീ | 7.26 | 6360 | 10,000 |
| 7. | ഇടുക്കി | ക്ഷീരസാഗരം | 2.41 | 245 | 18.25 ലക്ഷം ലിറ്റർ പാൽ |
| 8. | പത്തനംതിട്ട | മധുരം (തേൻ) | 31.35 | 10000 | 20,00,000 |
| 9. | തൃശ്ശൂർ | നിവേദ്യം (പൂജകദളി) | 00.51 | 7500 | 600 |
| 10. | പാലക്കാട് | കൊണ്ടാട്ടം | 2.85 | 1920 | 144 |
| 11. | കണ്ണൂർ | ആടു ഗ്രാമം | 10.06 | 5000 | 14.50 ലക്ഷം ലിറ്റർ |
| 12. | കോഴിക്കോട് | ചെരിപ്പിന്റെ അപ്പർ നിർമ്മാണം | 4.4 | 1000 | 9,000 |
| 13. | കാസർകോട് | കശുവണ്ടി | 2.55 | 1110 | 950 ടൺ കശുവണ്ടി |
| ആകെ | | | 187.16 | 92556 | -- |

ഇതിനു പുറമേ പഞ്ചായത്ത് തലത്തിൽ വിവിധ ജില്ലകളിൽ ചെറു സമഗ്ര പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194 17-9-2009-ന് മറുപടിക്ക്

സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വർക്കല കഹാർ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സുസ്ഥിര നഗരവികസന പദ്ധതിയനുസരിച്ച് എ.ഡി.ബി.യിൽ നിന്ന് നാളിതുവരെ എത്ര തുക വായ്പയായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) എ.ഡി.ബി.യിൽ നിന്നുള്ള വായ്പ നേരിട്ട് മുൻകൂറായി ലഭ്യമാകുന്നില്ല. പദ്ധതിക്ക് ആവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. പ്രസ്തുത തുക ചെലവഴിക്കുന്ന മുറയ്ക്ക് എ.ഡി.ബി.യിൽ നിന്നും റീ-ഇംപേഴ്സ്മെന്റായി സംസ്ഥാന സർക്കാരിന് അധിക കേന്ദ്രസഹായ ത്തിലുൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ട്. ഇതുവരെ ഈ പ്രോജക്ടിൽ നിന്നും 72.10 കോടി രൂപ റീ-ഇംപേഴ്സ്മെന്റിനായി എ.ഡി.ബി.ക്ക് കേന്ദ്രസർക്കാർ വഴി സമർപ്പിച്ചിട്ടുണ്ട്. അതിൽ 71.92 കോടി രൂപ റീ-ഇംപേഴ്സ്മെന്റായി ലഭിച്ചിട്ടുണ്ട്. |
| ബി) ഈ തുക ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കാണ് നൽകിയിട്ടുള്ളത്; | ബി) കേരളത്തിലെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനു (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) കൾക്കാണ് ഈ പദ്ധതിക്ക് പണം നല്കിയിട്ടുള്ളത്. |
| സി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ തുക ഏതെല്ലാം ആവശ്യങ്ങൾ ക്കാണ് ചെലവ് ചെയ്തിട്ടുള്ളത്; | സി) ചുവടെ കൊടുത്തിരിക്കുന്ന മേഖലകൾക്കാണ് കോർപ്പറേഷനുകൾ കെ.എസ്.യു.ഡി.പി.വഴി എ.ഡി.ബി.വായ്പ ഉപയോഗിക്കുന്നത്. |

.............2/-

<u>പാർട്ട് എ: നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സേവനങ്ങളും:-</u>

1) ശുദ്ധജലവിതരണം
2) സ്വിവറേജ് ആന്റ് സാനിട്ടേഷൻ
3) സ്റ്റോം വാട്ടർ ഡ്രെയിനേജ്
4) ഖരമാലിന്യ നിർമ്മാർജ്ജനം
5) റോഡുകൾ

<u>പാർട്ട് ബി: നഗര സാമൂഹ്യ വികസനം:-</u>

1) കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - അടിസ്ഥാന ഘടകങ്ങളും സേവനങ്ങളും
2) പോവർട്ടി സോഷ്യൽ ഫണ്ട്.

<u>പർട്ട് സി:-</u> തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള ഫണ്ട് രൂപീകരണം.

<u>പാർട്ട് ഡി:-</u> കാര്യശേഷി കെട്ടിപ്പടുക്കലും പദ്ധതി മാനേജ്മെന്റും.

| | | |
|---|---|---|
| ഡി) പ്രസ്തുത വായ്പത്തുകയിൽ എത്ര തുക ചെലവാക്കാതെ സംസ്ഥാന ഖജനാവിൽ ഉണ്ടെന്നു വ്യക്തമാക്കുമോ; | ഡി) യും ഇ) യും | ചെലവഴിക്കുന്ന മുറയ്ക്ക് റീ-ഇംപേഴ്സ് മെന്റായി ലഭിക്കുന്നതാകയാൽ ചോദ്യം ഉദിക്കുന്നില്ല. |
| ഇ) പ്രസ്തുത തുക ഉടനടി ചെലവ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 195

17.9.2009-ൽ മറുപടിയ്ക്ക്

## പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

**ചോദ്യം**

ശ്രീ.പി. വിശ്വൻ:
ശ്രീ.വി.എൻ. വാസവൻ:
ശ്രീ.സാജു പോൾ:
ശ്രീ.മുരളി പെരുനെല്ലി:
ശ്രീ. ബാബു എം. പാലിശ്ശേരി:

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും
വകുപ്പ് മന്ത്രി)

എ). പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

എ. 2000-01 സാമ്പത്തിക വർഷം മുതൽ 2008-09 വരെ ഏഴ് ഘട്ടങ്ങളിലായി 71,975.77 ലക്ഷം രൂപയുടെ 2,082.196 കി.മീ ദൈർഘ്യം വരുന്ന 953 റോഡുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചു. 31-8-2009 വരെ 32,196.56 ലക്ഷം രൂപ ലഭിക്കുകയും അതിൽ 28,191.06 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 821.024 കി.മീ. ദൈർഘ്യം വരുന്ന 417 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. 461.707 കി.മീ. ദൈർഘ്യം വരുന്ന 294 റോഡുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 574.035 കി.മീ. ദൈർഘ്യം വരുന്ന 242 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

ബി. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

ബി. 2000-01 സാമ്പത്തിക വർഷം മുതൽ 2008-09 വരെ 821.024 കി.മീ. ദൈർഘ്യം വരുന്ന 417 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി.

സി. പദ്ധതി നിർമ്മാണത്തിൽ അനുഭവപ്പെട്ടിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

സി. പദ്ധതി നിർമ്മാണത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

A. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പാക്കുന്നതിന് ഭൂമി ഏറ്റെടുത്ത് അതിർത്തി കല്ല് ഇടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

B. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടും കരാറുകാർ റോഡുകൾ ഏറ്റെടുക്കാതിരുന്ന സാഹചര്യം നിലനിന്നിരുന്നു. ഈ സാഹചര്യത്തിൽ

അധികമായി വേണ്ടി വരുന്ന തുക സംസ്ഥാന സർക്കാർ വഹിച്ച് കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അപ്രകാരം കരാറുകാർ ഏറ്റെടുക്കാതിരുന്ന എല്ലാ പ്രവർത്തികളും 29-9-08-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്. ) 262/ 2008/തസ്വഭവ പ്രകാരം 2008 പി.ഡബ്ള്യു.ഡി. ഷെഡ്യൂൾ റേറ്റിൽ പുതുക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

C. സർക്കാർ ഉത്തരവ് (G.O.(Rt)No.1448/ 2009/ LSGD dated 17-6-2009) പ്രകാരം ഒരു തവണത്തേയ്ക്കായി 10 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്.

D. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ അറ്റകുറ്റപണികൾക്ക് ആവശ്യമായ തുക (102.71 ലക്ഷം രൂപ) 4-11-08-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ.3875/08/തസ്വഭവ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

E. ഇലക്ട്രിക് പോസ്റ്റുകൾ/ടെലഫോൺ പോസ്റ്റുകൾ/കേബിൾസ്/പൈപ്പുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ജില്ലാ പഞ്ചായത്ത് റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

F. ഈ പദ്ധതി നടപ്പാക്കുന്നതിന് എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ ആവശ്യം പരിഗണിച്ച് മറ്റു എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും സേവനം ഉപയോഗിക്കുവാനും തീരുമാനിച്ചു.

G. ഈ പദ്ധതിയിലൂടെ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന വിഹിതം സമയബന്ധിതമായി നേടിയെടുക്കുന്നതിനായി ജില്ലാതലത്തിലെയും സംസ്ഥാന തലത്തിലേയും ഏജൻസികളെ ശക്തിപ്പെടുത്തി. ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സഹായിക്കുന്നതിനായി 14 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെയും, 56 അക്രഡിറ്റഡ് എഞ്ചിനിയർമാരെയും, ഓരോ ജില്ലയിലും ഒരു സീനിയർ അക്കൗണ്ടന്റ്, 1st Grade Draftsman എന്നിവരെയും 90 ഓവർസിയർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

H. ഗുണമേൻമാ നിലവാരത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ച മാനദണ്ഡം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനായി രണ്ട് ജില്ലകൾക്ക് വീതം ഒരു സ്വതന്ത്ര ഗുണനിലവാര പരിശോധകനെയും ഇവരുടെ പ്രവർത്തനം ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ക്വാളിറ്റി കോ-ഓർഡിനേറ്ററെയും നിയമിച്ചു.

I. പദ്ധതിയുടെ സാങ്കേതിക പരിശോധനയ്ക്കും ഉപദേശത്തിനും, പരിശീലനത്തിനുമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് മാത്ര

| | | | |
|---|---|---|---|
| | | | മായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെയും ഇതിനായി നിയോഗിച്ച് കൊണ്ട് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി. | പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകൾക്ക് എത്ര മീറ്റർ വീതിയാണ് നിഷ്കർഷിച്ചിട്ടുള്ളത്; | ഡി. | ഈ പദ്ധതി പ്രകാരം 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. |
| ഇ. | ഈ വർഷം എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഇ. | 2009-10 സാമ്പത്തിക വർഷം 530 കി.മീ. ദൈർഘ്യം വരുന്ന റോഡുകളാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ *196 | 17.9.2009 ൽ മറുപടിക്ക്

അന്യ സംസ്ഥാനങ്ങളിൽ കേരളത്തിന്റെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ

ചോദ്യം | ഉത്തരം

ശ്രീ. എം.എം.യൂസഫ്
ശ്രീ ബി.ഡി.ദേവസ്സി,
ശ്രീ. ജോർജ്ജ്.എം.തോമസ്സ്
ശ്രീ. സി.കെ.സദാശിവൻ

ശ്രീ കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) കേരളം സന്ദർശിക്കാൻ ആഗ്രഹിക്കുന്ന അന്യ സംസ്ഥാനക്കാർക്ക് കേരളത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഏതെല്ലാം സംസ്ഥാനങ്ങളിൽ ഇൻഫർമേഷൻ ആഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എ) കേരളം സന്ദർശിക്കാൻ ആഗ്രഹിക്കുന്ന അന്യ സംസ്ഥാനക്കാർക്ക് കേരളത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഗോവ, തമിഴ് നാട് , മുംബൈ , ബെംഗാൾ , ഡൽഹി എന്നിവിടങ്ങളിൽ നിലവിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കു സമീപം കേരളത്തിന്റെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) കർണ്ണാടക സംസ്ഥാനത്ത് മൈസൂറിൽ പുതിയ ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ തുടങ്ങാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങുന്നത് ഗുണകരമാണോയെന്ന് പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്

(സി) അന്യ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ച് കേരളത്തിന്റെ സവിശേഷതകളും കരകൗശല വിരുതും വെളിവാക്കാൻ ഉതകുന്ന ഷോറൂമുകൾ ആരംഭിക്കുമോ ,

(സി) ഇക്കാര്യം പരിഗണനയിലില്ല

(ഡി) രാജ്യത്തിനകത്തു നടക്കുന്ന എല്ലാ റോഡ് ഷോകളിലും ട്രേഡ് ആന്റ് ട്രാവൽ ഫെയറിലും മികച്ച പ്രകടനം നടത്താൻ ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ ?

(ഡി) നിലവിൽത്തന്നെ സംസ്ഥാന ടൂറിസം വകുപ്പ് രാജ്യത്തിനകത്തുള്ള പ്രധാന കേന്ദ്രങ്ങളിൽ സംസ്ഥാനത്തെ ടൂറിസം ട്രാവൽ ട്രെയിഡിന്റെ പ്രാതിനിധ്യത്തോടെതന്നെ വിജയകരമായി റോഡ് ഷോകൾ സംഘടിപ്പിച്ചും ട്രാവൽ ഫെയറുകളിൽ പങ്കെടുത്തും വരുന്നു. ആയത് തുടർന്നും ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197

17-9-2009 ൽ മറുപടിയ്ക്ക്

### കെ.ടി.ഡി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. വി. ശശികുമാർ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കെ.ടി.ഡി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) 1. കെ.ടി.ഡി.സിയുടെ ഓരോ യൂണിറ്റും ഓരോ ലാഭ കേന്ദ്രമായി കണക്കാക്കി പ്രവർത്തനം ഓരോ മൂന്നുമാസകാലയളവിൽ കെ.ടി.ഡി.സി. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ. മറ്റ് ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന അവലോകന യോഗങ്ങളിൽ വിശദമായി പരിശോധിക്കുകയും പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>2. 2007-08 സാമ്പത്തിക വർഷം മുതൽ വിവിധ യൂണിറ്റുകളും ഹെഡ്ഓഫീസുമായി വിറ്റുവരവ്, ലാഭം മുതലായവ സംബന്ധിച്ച് MOU സമ്പ്രദായം ഏർപ്പെടുത്തുകയും അപ്രകാരം പ്രവർത്തനം വിലയിരുത്തുകയും ഇതുമൂലം ജീവനക്കാരുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>3. 2007 ആഗസ്റ്റ് മുതൽ കെ.ടി.ഡി.സി.യിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുകയും എല്ലാ ജീവനക്കാർക്കും വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാൻ ആരംഭിക്കുകയും ചെയ്തു. |

4. ആഡിറ്റ് കുടിശ്ശിക ഇല്ലാതാക്കി.

5. എല്ലാ പഴയ യാത്രിനിവാസുകളും നവീകരിച്ച് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി ടാമറിന്റ് ബ്രാൻഡ് ആയി ഉയർത്തി.

6. പ്രധാനപ്പെട്ട ഹോട്ടലുകളിലെയെല്ലാം പുനഃരുദ്ധാരണ പണികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

7. On line reservation ഏർപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വികരിച്ചു.

മുടങ്ങിക്കിടന്ന കൊച്ചി മറീന പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

ബി) മുടങ്ങിക്കിടന്ന കൊച്ചി മറീന പദ്ധതി കെ.ടി.ഡി.സി.യുടെ ബോൾഗാട്ടി ഹോട്ടൽ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകുകയും കെ.ടി.ഡി.സി. പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാനും ആരംഭിച്ചു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ധൃതഗതിയിൽ നടന്നുവരികയാണ്. ഈ പദ്ധതിയ്ക്ക് 4.23 കോടി രൂപയാണ് കേന്ദ്രസഹായം. ഇതിൽ 3.98 കോടി രൂപ ഇതിനോടകം കേന്ദ്ര സർക്കാർ നൽകി കഴിഞ്ഞിട്ടുണ്ട്.

ചെന്നൈ ഹോട്ടൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഹോട്ടലുകൾ പുനരുദ്ധരിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനുമായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

സി) നിർത്തിവച്ചിരുന്ന ചെന്നൈ ഹോട്ടൽ പദ്ധതിയുടെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ധൃതഗതിയിൽ നടന്നുവരുന്നു. അടുത്ത വർഷം അവസാനത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കെ.ടി.ഡി.സിയുടെ കീഴിലുള്ള വിവിധ ഹോട്ടലുകൾ പുനരുദ്ധരിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്താനും നടപടി ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞു.

ഡി) ടൂറിസ്റ്റ് വകുപ്പിന്റെ ഗസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിനും ആദായകരമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

ഉണ്ട്; കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലുവ, ഗുരുവായൂർ, എറണാകുളം, ഇടുക്കി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലെ ഗസ്റ്റ്ഹൗസ് മന്ദിരങ്ങൾ നവീകരിച്ചുവരുന്നു. കൂടാതെ ഗസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ടെലിവിഷൻ ഏർപ്പെടുത്തുക, ടി.വി. ചാനലുകൾ ലഭ്യമാക്കുക എന്നിവയും നടപ്പിലാക്കി വരുന്നു. ആലപ്പുഴ, കോട്ടയം, പാലക്കാട്, കണ്ണൂർ, ആലുവ തുടങ്ങിയ ഗസ്റ്റ്ഹൗസുകളിലും തിരുവനന്തപുരം യാത്രീനിവാസ്, കന്യാകുമാരി കേരളാ ഹൗസ് എന്നിവിടങ്ങളിൽ ശീതികരിച്ച കോൺഫറൻസ് ഹാൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. മനുഷ്യ വിഭവശേഷി നവീകരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. സേവന മേഖലയിലാണ് സർക്കാർ അതിഥി മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നത് എന്നതിനാൽ ടി സ്ഥാപനങ്ങൾ ആദായകരമാക്കുന്നതിന് വകുപ്പ് ഊന്നൽ നൽകുന്നില്ല.

Saraswathi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.198 17-9-2009- ൽ മറുപടിയ്ക്ക്

## തീരമൈത്രി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.എ.പ്രദീപ് കുമാർ :<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) തീരദേശ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആരംഭിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (എ) ഉണ്ട്. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ തീരദേശമേഖലയിൽ ഫിഷറീസ് വകുപ്പുവഴി നടപ്പാക്കുന്ന 'തീരമൈത്രി' എന്ന പൊതുനാമധേയത്തിൽ അറിയപ്പെടുന്ന ജീവനോപാധി പുന:സ്ഥാപന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നുള്ള വനിതകൾ ഗുണഭോക്താക്കളായിട്ടുള്ള ചെറുതൊഴിൽ സംരംഭങ്ങൾ ഒരേ രീതിയിലും, നിലവാരത്തിലും പ്രവർത്തിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണനത്തിനും തുടർസഹായങ്ങൾ ഏറെ ആവശ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥിരതയുള്ള വരുമാന മാർഗ്ഗമായി ഈ യൂണിറ്റുകളെ മാറ്റുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ഓരോ പഞ്ചായത്തിലും തീരമൈത്രി മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തീരമൈത്രി സംരംഭങ്ങൾ നേരിടുന്ന അക്കൗണ്ടിംഗ്, ഇൻഷുറൻസ്, പഞ്ചായത്ത്തല ലൈസൻസ്, ടാക്സ് സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിപണന സഹായം, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, ഉൽപ്പാദനവും, ഗുണമേന്മയും ഉറപ്പാക്കൽ തുടങ്ങിയവയ്ക്കുമായി ഒരു റിസോഴ്സ് ടീമിനെ (തീര |

മൈത്രി സപ്പോർട്ട് സർവ്വീസ് ടീം) സജ്ജമാക്കിയിട്ടുണ്ട്.

(ബി) ഇതിനകം എത്ര ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; പദ്ധതിയ്ക്ക് മൊത്തം എത്ര കോടി രൂപ ചെലവായി എന്ന് വെളിപ്പെടുത്തുമോ ;

(ബി)

| ക്രമ നം. | സാമ്പത്തിക വിഭവ ഉറവിടം/ ഉപപദ്ധതി | സംരംഭങ്ങളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതിക്ക് വകയിരുത്തിയ തുക (ലക്ഷം രൂപ) | പദ്ധതിക്ക് ചെലവായ തുക (ലക്ഷം രൂപ) | പദ്ധതിയുടെ നിർവ്വഹണഘട്ടം |
|---|---|---|---|---|---|---|
| 1 | ചെറുതൊഴിൽ സംരംഭവികസനം (ടീപ്പ്) | 400 | 2400 | 330.46 | 324.35 | പൂർത്തീകരിച്ചു. |
| 2 | ഉണക്കമത്സ്യ യൂണിറ്റുകൾ | 60 | 300 | 38.19 | 33.95 | പൂർത്തീകരിച്ചു. |
| 3 | കൈകൊണ്ടുള്ള സോപ്പുനിർമ്മാണം (ടി.ആർ.പി) | 31 | 155 | 75.17 | 66.59 | പൂർത്തീകരിച്ചു. |
| 4 | ചെറുതൊഴിൽ സംരംഭവികസനം (റ്റി.ആർ.പി) | 400 | 2400 | 510.00 | 386.90 | അവസാനഘട്ടത്തിൽ |
| 5 | റൂറൽ മാർക്കറ്റിംഗ് | 70 | 280 | 143.59 | 43.80 | പുരോഗമിക്കു |

| | | | | | | |
|---|---|---|---|---|---|---|
| | എക്സിക്യൂട്ടീവ് (ടി.ആർ.പി) | | | | | ന്നു |
| 6 | ചെറുതൊഴിൽ സംരംഭ വികസനം (പി.എം.എൻ.ആർ.എഫ്) | 300 | 1800 | 470.00 | 51.96 | പുരോഗമിക്കുന്നു |
| 7 | ചെറുതൊഴിൽ സംരംഭങ്ങളുടെ വികസനം 2-ാം ഘട്ടം (ടീപ്പ്) | 200 | 800 | 215.00 | - | പുരോഗമിക്കുന്നു. |
| | ആകെ | 1461 | 8135 | 1782.41 | 907.55 | |

| | |
|---|---|
| (സി) തീരമൈത്രി പദ്ധതിയിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തി ഐ.എസ്.ഐ. സർട്ടിഫിക്കേഷൻ നേടി പ്രത്യേക ബ്രാൻറിൽ വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി)ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ 'തീരമൈത്രി' എന്ന പൊതു പേരിലാണ് വിൽപ്പന നടത്തുന്നത്. കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ആരംഭിച്ചിട്ടുള്ള സോപ്പുൽപ്പന്ന യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ സാഫ് (SAAF) എന്ന ബ്രാൻറ് നെയിമിൽ വിൽപ്പന ആരംഭിച്ചുകഴിഞ്ഞു.<br>തീരമൈത്രി പദ്ധതിയിൽ ആരംഭിച്ചിട്ടുള്ള ചെറുതൊഴിൽ സംരംഭങ്ങൾ ഏറെ വൈവിധ്യമുള്ളതും വ്യത്യസ്തമായസ്വഭാവത്തോടുകൂടിയവയുമാണ്. ഈ പദ്ധതികൾ കേരളത്തിൻെറ തെക്കുമുതൽ വടക്കുവരെയുള്ള 9 തീരദേശ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നു. ഉൽപ്പന്നങ്ങളുടെ വൈവിധ്യംകൊണ്ടും. സാമ്യതയുള്ള യൂണിറ്റുകൾ പല ജില്ലകളിലായി |

| | |
|---|---|
| | കിടക്കുന്നതിനാലും ഇവയുടെ ഏകോപനം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉൽപ്പന്നങ്ങളുടെ കർശന ഗുണനിലവാരം, വിപണന സാധ്യതകൾ എന്നിവ ഉറപ്പുവരുത്തിക്കൊണ്ടു ഉൽപ്പന്നങ്ങൾക്ക് ഐ.എസ്.ഐ., ഐ.എസ്.ഒ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള സാധ്യതകൾ ആരായുന്നതാണ്. |
| (ഡി) തീരമൈത്രി പദ്ധതിയിൽ എത്ര കുടുംബങ്ങൾക്ക് പുതിയ ജോലി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ? | (ഡി) തീരമൈത്രി പദ്ധതികളിലൂടെ ഏകദേശം 16600 കുടുംബങ്ങൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.199

17/9/2009 -ൽ മറുപടിക്ക്

## കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ.കെ.കെ.ജയചന്ദ്രൻ;
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ;
ശ്രീമതി.കെ.എസ്.സലീഖ;
ശ്രീ.എം.ജെ.ജേക്കബ്;
ശ്രീ.ജോർജ് എം തോമസ്.

**ഉത്തരം**

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി

(എ) പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകമാകുന്ന ഏതെല്ലാം പദ്ധതികളാണ് കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ളത്;

(എ) പ്രാദേശിക സാമ്പത്തിക വികസനവും, സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പിന്തുണയോടെ ചുവടെ ചേർക്കുന്ന വികസന പരിപാടികളാണ് കുടുംബശ്രീ നടപ്പിലാക്കി വരുന്നത്.

1. തൊഴിൽ സംരംഭ സാധ്യതാ രജിസ്റ്റർ
2. സ്പെഷ്യൽ ലൈവിലിഹുഡ് പ്രോഗ്രാം
3. ഉത്തരവാദിത്വ ടൂറിസം
4. സീറോ വേസ്റ്റ് ഡെസ്റ്റിനേഷൻ
5. സമഗ്ര പദ്ധതികൾ

എ. നേന്ത്രൻ
ബി. ഹരിതശ്രീ
സി. ക്ഷീരശ്രീ
ഡി. നെടുമ്പന മിനി അപ്പാരൽ പാർക്ക്
ഇ. മധുരം
എഫ്. അലങ്കാര മത്സ്യം വളർത്തൽ
ജി. ക്ഷീരസാഗരം
എച്ച്. തിരുമധുരം
ഐ. ഹരിതം
ജെ. നിവേദ്യം
കെ. കൊണ്ടാട്ടം
എൽ. ചെരുപ്പ് അപ്പർ നിർമ്മാണം

എം. ആട് ഗ്രാമം
എൻ. സഫലം
6. സംഘകൃഷി
7. പാട്ടകൃഷിക്കുള്ള ഏരിയ ഇൻസെന്റീവ്
8. മാസചന്ത
9. കുടുംബശ്രീ ഉൽപന്നങ്ങളുടെ ബ്രാന്റിംഗ് പാക്കിംഗ് പ്രവർത്തനങ്ങൾ
10.ഫിനിഷിംഗ് സ്കൂൾ
11. എസ്ജെഎസ്ആർവൈ പദ്ധതി.

| | | | |
|---|---|---|---|
| (ബി) | ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിന് ആവിഷ്കരിച്ച പരിപാടികളിൽ കുടുംബശ്രീയുടെ പങ്കാളിത്തം വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീയുടെ സംഘകൃഷിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ച് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ ജില്ലകളിൽ വ്യാപകമായി കൃഷി ചെയ്തു വരുന്നുണ്ട്. കൂടാതെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന വർദ്ധനവിനുതകുന്ന പ്രത്യേക പ്രവർത്തനങ്ങളും, ഇടപെടലുകളും കുടുംബശ്രീ മിഷൻ നടത്തുന്നുണ്ട്. മൃഗസംരംക്ഷണ മേഖലയിലെ സാധ്യതകളെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നിരവധി പശു/ ആട്, വളർത്തൽ സംരംഭങ്ങളും കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. സമഗ്രപദ്ധതിയുടെ ഭാഗമായി ഭക്ഷ്യ വിളകളെയും, പാൽ ഉല്പാദനത്തെയും കേന്ദ്രീകരിച്ചുള്ള ബൃഹത് പരിപാടികളും കുടുംബശ്രീ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (സി) | കുടുംബശ്രീ സംരഭങ്ങൾ മുഖേന നെല്ല്, പച്ചക്കറി, എന്നീ വിളകൾ എത്ര ഹെക്ടർ സ്ഥലത്ത് | (സി) | സംഘ കൃഷിയുടെ ഭാഗമായി നെല്ല്, പച്ചക്കറി എന്നീ വിളകൾ യഥാക്രമം 6199 ഹെക്ടർ, 5752.81 |

| | | | |
|---|---|---|---|
| | പുതുതായി കൃഷിയിറക്കിയിട്ടുണ്ട്; | | ഹെക്ടർ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. |
| (ഡി) | കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | ചുവടെ ചേർത്തിട്ടുള്ള മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു..<br>1. സംഘടനാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>2. തദ്ദേശഭരണ സ്ഥാപനങ്ങളുമായി മെച്ചപ്പെട്ട പ്രവർത്തന ഏകോപനം സാധ്യമാക്കുന്നതിനുള്ള നടപടികൾ<br>3. മെച്ചപ്പെട്ട നിരീക്ഷണ, വിലയിരുത്തൽ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>4. സാമ്പത്തിക ഉത്തരവാദിത്വവും, സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ<br>5. സംഘടനാ തലത്തിൽ വിവര വ്യാപനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ<br>6. ബാങ്കുകളുമായുള്ള പ്രവർത്തന ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ<br>7. നൂതനമായ ജീവനോപാധി വികസന പരിപാടികളുടെ ആവിഷ്കരണം<br>8. സാമൂഹ്യ ശാക്തീകരണ പദ്ധതികളുടെ നിർവ്വഹണ ഗുണപരത ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ പ്രവർത്തനം<br>9. പദ്ധതി ഘടകങ്ങളുടെ കുറവുകളും, പോരായ്മകളും പരിഹരിക്കുന്നതിനുള്ള പുതിയ പ്രവർത്തനങ്ങൾ<br>10. വിവിധ വകുപ്പുകളുടെ പ്രവർത്തനവുമായുള്ള സംയോജനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ. |

11. കുടുംബശ്രീ പ്രവർത്തനങ്ങളിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യവും, മികവും കൊണ്ടുവരുന്നതിനുള്ള പ്രൊഫഷണൽ പിന്തുണ ലഭ്യമാക്കൽ.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.200 17.9.2009 ൽ മറുപടിക്ക്

പലിശരഹിത ധനകാര്യ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ.റ്റി.എം.തോമസ് ഐസക് ധനകാര്യവകുപ്പുമന്ത്രി |
| (എ). തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് നിന്ന് മടങ്ങുന്ന മലയാളികൾക്കായി ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ പലിശരഹിത ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങുന്നകാര്യം സർക്കാർ പരിഗണന യിലുണ്ടോ; | കേരളത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റിതര ആവശ്യങ്ങൾക്കും പലിശരഹിത വ്യവസ്ഥയിൽ സാമ്പത്തിക സഹായം നൽകുവാൻ പലിശരഹിത ധനകാര്യ സ്ഥാപനം തുടങ്ങുന്ന കാര്യം പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പരിഗണനയിലാണ്. |
| ബി. എങ്കിൽ ഇതു സംബന്ധമായ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെയാണ് പദ്ധതിയുടെ വിശദാംശങ്ങൾ എന്നും വ്യക്തമാക്കുമോ? | സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സ്വകാര്യ നിക്ഷേപകർക്ക് മുൻതൂക്കമുള്ള ഒരു പലിശരഹിത ധനകാര്യ സ്ഥാപനം സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങളെ സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 201      17.09.2009 ൽ മറുപടിക്ക്

## നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

ചോദ്യം:

ശ്രീ. എ.സി. മൊയ്തീൻ
ശ്രീമതി.കെ.കെ. ലതിക
ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ.ആർ. സെൽവരാജ്
ശ്രീ.എസ്. രാജേന്ദ്രൻ

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും ഊർജ്ജിത നികുതി പിരിവ് പ്രോത്സാഹിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

ഉത്തരം

ഡോ.റ്റി.എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

(എ) നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തി നികുതി വെട്ടിപ്പ് തടയുവാനുതകുന്ന ഒട്ടേറെ നൂതന പദ്ധതികൾ വാണിജ്യ നികുതി വകുപ്പ് ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക് പോസ്റ്റുകളിലൂടെ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതി വെട്ടിപ്പിനുള്ള പഴുതുകൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമം ഫലപ്രദമായിരുന്നു. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ മുഴുവൻ അഴിമതി മുക്തമാക്കാനുള്ള സർക്കാർ നയത്തിന്റെ പ്രാരംഭഘട്ടമായി നടപ്പാക്കിയ അഴിമതി രഹിത വാളയാർ പദ്ധതി സമ്പൂർണ്ണ വിജയമായിരുന്നു. ചെക്ക് പോസ്റ്റുകളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ, പോലീസ് സംരക്ഷണം ഉറപ്പാക്കൽ, സോഷ്യൽ ആഡിറ്റിങ്, പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും കമ്പ്യൂട്ടർ സംവിധാനം, പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെയുള്ള ഡിക്ലറേഷൻ വിതരണ സമ്പ്രദായം, ഹെൽപ്പ് ഡെസ്ക്ക് സേവനം തുടങ്ങിയവ നികുതി പിരിവ് വർദ്ധിപ്പിക്കാനുള്ള

തീവ്ര ശ്രമത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രധാനപ്പെട്ട നടപടികളായിരുന്നു. വാളയാർ അതിർത്തി ചെക്ക് പോസ്റ്റിനെ കൂടാതെ മഞ്ചേശ്വരം ചെക്ക് പോസ്റ്റും അഴിമതിരഹിത ചെക്ക്പോസ്റ്റാക്കി മാറ്റി. കശുവണ്ടി മേഖലയിൽ വ്യാജ സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ ഹാജരാക്കി നികുതി വെട്ടിപ്പ് നടത്തിയിരുന്ന കച്ചവടക്കാരെ കുറിച്ച് അന്തർ സംസ്ഥാന അന്വേഷണം നടത്തി കേസുകൾ അന്തിമ തീരുമാനം കല്പിച്ച് 14.69 കോടി രൂപ സർക്കാരിലേക്ക് 2007-08 ൽ അടച്ചു.

അമരവിള, വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, മീനാക്ഷിപുരം, നടുപ്പുണി, ബംഗ്ര-മഞ്ചേശ്വരം, കുമിളി എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ചു.

വാണിജ്യ നികുതി വകുപ്പിന്റെ മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർ വൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു. നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കാനുള്ള ഭാഗമായുള്ള ആംനസ്റ്റി സ്കീം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് പരിചയ സമ്പന്നതയും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചു. ഇതിനുപുറമെ ഒരു ഊർജ്ജിത അപ്പീൽ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 01.01.2009 മുതൽ ഇ- ഫയലിംഗ് ഏർപ്പെടുത്തി. നികുതിദായകരുടെ സൗകര്യാർത്ഥം 01.09.2009 മുതൽ ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തി.

(ബി) വൻതോതിൽ നികുതി വെട്ടിപ്പ് കണ്ടെത്തുന്ന ഇന്റലിജൻസ്- ചെക്ക് പോസ്റ്റ്-വാറ്റ് സർക്കിൾ വിഭാഗത്തിന് അവാർഡ് ഏർപ്പെടുത്തിയതിനു ശേഷം നികുതി പിരിവിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ;

(ബി) അവാർഡ് പ്രഖ്യാപനത്തിനു ശേഷം നികുതി പിരിവിൽ പുരോഗതിയുണ്ട്. 31.08.2009 ലെ കണക്കനുസരിച്ച് 419.80 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) വാണിജ്യ നികുതി വകുപ്പിലെ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) കോടതികളിൽ നിലവിലിരിക്കുന്ന കേസുകളിൽ പത്രിക കാലതാമസം കൂടാതെ കൊടുക്കുകയും സർക്കാർ തലത്തിൽ ഗവൺമെന്റ് പ്ലീഡർമാർക്ക് കേസുകൾ തീർപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഒരു ലക്ഷത്തിന് മുകളിൽ സ്റ്റേ നിലവിലുള്ള കേസുകൾക്ക് അടിയന്തിരമായി സ്റ്റേ പിൻവലിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് ജോയിന്റ് കമ്മീഷണർ (നിയമം) ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമയ ബന്ധിതമായി കേസുകൾ തീർപ്പാക്കുന്നതിന് ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റിക്ക് ക്വാട്ട നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

ടാക്സ് റിവിഷൻ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് യഥാസമയം ടാക്സ്റിവിഷൻ പ്രൊപ്പോസൽ അഡ്വക്കേറ്റ് ജനറലിന് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) വാണിജ്യ നികുതി വകുപ്പിന്റെ ഈ വർഷത്തെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഡി) ഉണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ (31.08.2009 വരെ) 4638.98 കോടി രൂപ നികുതിയിനത്തിൽ പിരിച്ചിട്ടുണ്ട്. മുൻവർഷം ഇതേ കാലയളവിൽ ലഭിച്ചതിനേക്കാൾ 419.80 കോടി രൂപ കൂടുതൽ ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 10 % വളർച്ച ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 202

17.9.2009-ൽ മറുപടിയ്ക്ക്

## നിർമ്മാണ നവീകരണ ജോലികളുടെ മേൽനോട്ടം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ:<br>ശ്രീ.ജി. കാർത്തികേയൻ:<br>ശ്രീ.എം. മുരളി: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ ഭാരവാഹികളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ നവീകരണ ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനും മറ്റുമായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ മേൽനോട്ടം കുടുംബശ്രീ യൂണിറ്റുകളുടെ ഭാരവാഹികൾ 2006 മുതൽ നിർവ്വഹിച്ചുവരുന്നുണ്ട്. |
| ബി. ഈ ജോലിക്ക് ഇവരെ നിയമിക്കാനുള്ള കാരണമെന്ത്; | ബി.,<br>സി.,<br>ഡി.,<br>ഇ.,<br>&<br>എഫ്. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ മേൽനോട്ടത്തിനായി ഗ്രാമപഞ്ചായത്തുകളാണ് കുടുംബശ്രീയിൽ നിന്നും മേറ്റുമാരെ ചുമതലപ്പെടുത്തുന്നത്. ഇതൊരു നിയമനമല്ല. ഇത് ഓരോ പ്രവൃത്തിക്കും പ്രത്യേകമായി പ്രാദേശിക തലത്തിൽ ചുമതല നൽകുന്ന സംവിധാനം മാത്രമാണ്. അതുകൊണ്ട് സംവരണ സംവിധാനം ഇതിന് ബാധകമല്ല. |
| സി. ആവശ്യമായി വരുന്ന ബാക്കിയുള്ളവരെ എപ്രകാരം നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | | |
| ഡി. ഇപ്രകാരമുള്ള നിയമനത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നത് എപ്രകാരമാണ്; | | |
| ഇ. സാമുദായിക സംവരണം ഈ നിയമനങ്ങളിൽ ഉറപ്പാക്കുന്നുണ്ടോ; | | |
| എഫ്. ഉണ്ടെങ്കിൽ എപ്രകാരം എന്നു വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 203 — 17.9. .2009 ൽ മറുപടിക്ക്

പാതിരാമണൽ ബയോപാർക്ക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ..വി.എൻ.വാസവൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. എം.കെ.പുരുഷോത്തമൻ | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പാതിരാമണൽ ബയോപാർക്ക് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) ആലപ്പുഴയിലെ മുഹമ്മ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പാതിരാമണൽ ഏതാണ്ട് 24 ഹെക്ടറോളം വലിപ്പം വരുന്നതും ജൈവവൈവിദ്ധ്യങ്ങളാൽ സമ്പന്നവുമാണ്. ലോകത്തുതന്നെ വളരെ വിരളമായി കാണാറുള്ള ദേശാടന പക്ഷികളും അപൂർവ്വ സസ്യസമ്പത്തുകളും നിറഞ്ഞ പാതിരാമണലിന്റെ സംരക്ഷണം തിരിച്ചറിഞ്ഞു കൊണ്ടാണ് ടൂറിസം സംരംഭങ്ങൾ ഇവിടെ ആവിഷ്കരിക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.<br><br>ഇവിടത്തെ ഇക്കോ - ടൂറിസം സാദ്ധ്യതകളെ കുറിച്ച് നടത്തിയ ദീർഘമായ പഠനങ്ങൾക്കൊടുവിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. കായിപ്പുറം ജെട്ടിയിൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം പാതിരാമണലിന്റെ ആവാസ വ്യവസ്ഥ |

ശക്തിപ്പെടുന്നതിനുള്ള അടിസ്ഥാന പദ്ധതികൾ, പദ്ധതി പ്രദേശത്തേക്കുള്ള റോഡിന്റെ വികസനം എന്നിവയാണ് നിർദ്ദിഷ്ട പദ്ധതിയിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

| | | |
|---|---|---|
| (ബി) | പദ്ധതി നടപ്പാക്കുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; | (ബി) 5.4961 കോടി രൂപ (അഞ്ച് കോടി നാല്പത്തി ഒൻപത് ലക്ഷത്തി അറുപത്തി ഒന്ന് ആയിരം രൂപ ) |
| (സി) | പാതിരാമണൽ ദ്വീപിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ; | (സി) തഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് പാതിരാമണൽ ദ്വീപിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>1. പ്രവേശന കവാടം . 2. നടപ്പാതകൾ, 3. കുട്ടനാട്ടിലും കായിപ്പുറത്തും കാണപ്പെടുന്ന വിവിധയിനം ചെടികൾ കൊണ്ടുള്ള തോട്ടത്തിന്റെ വികസനം 4. പ്രധാന കനാലുകളുടെ വികസനം , 5. ശുദ്ധജല കുളത്തിന്റെ വികസനം, 6. മൈനർ കനാലുകളുടേയും ചെറുകുളങ്ങളുടേയും പുനരുദ്ധാരണം , 7. ലാന്റ്സ് കേപ്പിംഗ് , 8. ബട്ടർഫ്ളൈ ഗാർഡൻ, 9. റൈൻ ഷെൽട്ടറുകൾ, 10. ടോയ്‌ലറ്റ് ബ്ലോക്കുകൾ , 11. പക്ഷി നിരീക്ഷണത്തിനുള്ള സൗകര്യം 12., കണ്ടൽ പരിപാലനം , 13. മത്സ്യ സങ്കേതവും മത്സ്യ പാർക്കും , 14. മാലിന്യ സംസ്കരണം . 15. ഫ്ളോട്ടിംഗ് വാക്ക് വേ & ബോട്ട് ജെട്ടി 16. സൗരോർജ്ജ വിളക്ക് കൊണ്ടുള്ള സെക്യൂരിറ്റി ലൈറ്റ്. |
| (ഡി) | പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടം തട്ടാതെ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ; | (ഡി) പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടം തട്ടാതെ പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധ നൽകുന്നതാണ്. |

(ഇ) പദ്ധതിയിൽ വേമ്പനാട്ടു കായലിലൂടെയുള്ള ബോട്ടിംഗിന് പ്രാധാന്യം നൽകുന്നുണ്ടോ ; പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

(ഇ) പദ്ധതിയിൽ വേമ്പനാട്ടു കായലിലൂടെയുള്ള ബോട്ടിംഗിന് സൗകര്യപ്രദമാകുന്ന വിധത്തിൽ ബോട്ട് ജെട്ടികളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് വർഷങ്ങൾക്കകം പദ്ധതി പൂർത്തീകരണം സാദ്ധ്യമാകുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.**204** **17.09.2009** ൽ മറുപടിയ്ക്ക്

# അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.എം.ഹംസ:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(ബഹു:തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി.) |
| (എ) | അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയുടെ പ്രവർത്തന പുരോഗതി ഗുജറാത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ് **(IRMA)** വിലയിരുത്തിയിട്ടുണ്ട്. കൂടാതെ വിൽബർ സ്മിത്ത്, കൺസൾട്ടന്റ് ജെ.ബി.ഐ.സിക്കു വേണ്ടി വ്യക്തിഗത അവലോകനവും നടത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിയും, പദ്ധതിയുടെ ഭാഗമായി നിയമിച്ച നിപ്പൺകോയി കമ്പനിയും പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിമൂലം പിന്നോക്ക പ്രദേശമായ അട്ടപ്പാടിയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്; | (ബി) | 745 ച.കി.മി വിസ്തീർണ്ണം വരുന്ന അട്ടപ്പാടി ബ്ലോക്കിലെ പരിസ്ഥിതി പുനഃസ്ഥാപനവും, തദ്ദേശ വാസികളുടെ സുസ്ഥിരജീവനോപാധിയും (പ്രത്യേകിച്ചും പട്ടിക വർഗ്ഗക്കാരുടെ) ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപനപദ്ധതി. വന- തരിശു ഭൂമിയിലെ വനവൽക്കരണ പ്രവർത്തനങ്ങൾ സ്വകാര്യ തരിശു ഭൂമിയിലെ കാർഷിക - വനവൽക്കരണ പ്രവർത്തനങ്ങൾ, മണ്ണു -ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നീ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളാണ് |

മുഖ്യമായും എറ്റെടുത്ത് നടപ്പിലാക്കുന്നത്. കൂടാതെ ഗോത്ര സമൂഹത്തിന്റെ സമഗ്ര വികസന ലക്ഷ്യം വെച്ചുകൊണ്ട് ഭവന സുരക്ഷ ഉൾപ്പടെയുള്ള 13 വികസന ഘടകങ്ങൾ അടങ്ങുന്ന സമ്പൂർണ്ണ ഊരു വികസന പരിപാടിയും നടപ്പാക്കുന്നു. ആരോഗ്യ - വിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം, സുസ്ഥിര ജീവനോപാധി വികസനം, കലാ - കായിക വികസനം, ഗോത്രവൈദ്യ പരിപോഷണം തുടങ്ങിയവയും പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി അട്ടപ്പാടിയിലെ നശിച്ചുകൊണ്ടിരുന്ന പാരിസ്ഥിതിക സന്തുലിതാവസ്ഥ വലിയൊരളവിൽ തിരിച്ചുകൊണ്ടുവരാൻ സാധിച്ചു. വറ്റി വരണ്ട കൊടുങ്ങരപ്പള്ളം പോലുള്ള നദികൾ പുനർജ്ജനിക്കുകയും, 54 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക വഴി ആളോഹരി വരുമാനം വർദ്ധിക്കുകയും, പട്ടിണി മരണങ്ങൾ, ബാലവേല എന്നിവ തുടച്ചുമാറ്റാനും സാധിച്ചു. പിന്നോക്ക പ്രദേശമായ അട്ടപ്പാടിയിലെ ജനങ്ങളുടെ വിദ്യാഭ്യാസ - ആരോഗ്യ നില മെച്ചപ്പെടുത്താനും സമ്പൂർണ്ണ ഊരു വികസന പരിപാടി നടപ്പാക്കുക വഴി പട്ടിക വർഗ്ഗക്കാരുടെ ജീവിത രീതി മെച്ചപ്പെടുത്തുവാനും എല്ലാ പ്രവർത്തനങ്ങളിലും പൂർണ്ണ ജന പങ്കാളിത്തം ഉറപ്പുവരുത്തുക വഴി ആദിവാസി സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും സാധിച്ചിട്ടുണ്ട്.

(സി) അഹാഡ്സ് സമ്പൂർണ്ണ ഊരുവികസന പദ്ധതിയുടെ ഭാഗമായി എത്ര ഊരുകളിൽ ഭവന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്;

(സി) ഒന്നാംഘട്ട സമ്പൂർണ്ണ ഊരു വികസന പരിപാടിയുടെ ഭാഗമായി അട്ടപ്പാടിയിലെ തിരഞ്ഞെടുത്ത 28 ഊരുകളിലാണ് അഹാഡ്സ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ഡി) ഇതിനകം എത്ര ഭവനം നിർമ്മിച്ച് നൽകിയിട്ടുണ്ട്; ഭവന പദ്ധതി എല്ലാ ഊരുകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) ഇതുവരെ 1035 വീടുകൾ ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങുകയും അതിൽ 693 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 10 ഊരുകളുടെ താക്കോൽദാനം നടത്തുകയും 342

വീടുകൾ മാർച്ച് 2010 നകം പൂർത്തീകരിക്കുന്നതുമായിരിക്കും.

ഇതിന്റെ രണ്ടാംഘട്ടമായിട്ട് 31 ഊരുകളിൽ 1300 വീടുകളുടെ നിർമ്മാണ പ്രവർത്തനം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ആയതിന് ജപ്പാൻ ഇന്റർനാഷണൽ കോ - ഓപ്പറേഷൻ ഏജൻസി (ജെ.ഐ.സി.എ) 22 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.205 17.9.2009 ൽ മറുപടിക്ക്

സംസ്ഥാനങ്ങൾക്ക് കൂടുതൽ തുക വായ്പയെടുക്കാനുള്ള കേന്ദ്ര അനുമതി

ചോദ്യം | ഉത്തരം

ശ്രീ. ജോർജ് മേഴ്സിയർ
ശ്രീ. കെ.ബാബു

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവകുപ്പുമന്ത്രി

| | |
|---|---|
| (എ). സംസ്ഥാനങ്ങൾക്ക് കൂടുതൽ തുക വായ്പയെടുക്കാനുള്ള അനുമതി കേന്ദ്രം നൽകിയോ; എങ്കിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനം വരെ വായ്പ യെടുക്കുവാനാണ് കേന്ദ്രം അനുമതി നല്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | 2009-10 വർഷത്തിൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 4% വരെ വായ്പയെടുക്കാൻ സംസ്ഥാനങ്ങളെ അനുവദിക്കാൻ കേന്ദ്ര സർക്കാർ തീരുമാന മെടുത്തിട്ടുണ്ട്. |
| ബി. എങ്കിൽ ഇതനുസരിച്ച് കേരളത്തിന് എത്ര തുക അധികമായി വായ്പ യെടുക്കുവാൻ സാധിക്കും | ഇതനുസരിച്ച് ഏകദേശം 887.44 കോടി രൂപ അധികമായി വായ്പയെടുക്കാൻ സാധിക്കും. |
| സി. ഇപ്രകാരം അധികമായി വായ്പയെടുക്കുന്ന തുക എന്തിനെല്ലാം വിനിയോഗിക്കണമെന്ന് കേന്ദ്രം വ്യവസ്ഥ എന്തെങ്കിലും വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ വേണ്ടിയാണ് ഈ തുക അനുവദിക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 206– 17.09.2009 ൽ മറുപടിക്ക്

### ട്രഷറികളുടെ കമ്പ്യൂട്ടർവൽകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ബഹു: ശ്രീ. തോമസ് ചാഴികാടൻ<br>ബഹു: ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ബഹു: ശ്രീ. റോഷി അഗസ്റ്റിൻ | | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്തെ ട്രഷറികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽകരിച്ചുവോ; എങ്കിൽ ഏതൊക്കെ നിലയിൽ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്നത്തേയ്ക്ക് പൂർണ്ണമായും കമ്പ്യൂട്ടർവൽകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | സ്റ്റാൻഡ് എലോൺ മോഡിൽ എല്ലാ ട്രഷറികളും കമ്പ്യൂട്ടർവൽകരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| ബി) | ട്രഷറിയുമായി ബന്ധപ്പെട്ടു എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; എവിടെയൊക്കെ എന്നു വ്യക്തമാക്കാമോ? | ഇല്ല |
| സി) | സർക്കാർ ജീവനക്കാരുടെ ശമ്പളം തുടങ്ങിയ ആനുകൂല്യങ്ങൾ എ.റ്റി.എം സംവിധാനം വഴി നൽകുവാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ | ഉണ്ട്. എ.റ്റി.എം സ്ഥാപിക്കുന്നതിന്റെ ഭാഗമായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, ഐ.ടി. മിഷൻ, |

| | | |
|---|---|---|
| | വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ ് ട്രാവൻകൂർ എന്നിവയുടെ പ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി. ഈ യോഗ തീരുമാന പ്രകാരം സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നിശ്ചയപ്രകാരം 2010 ഏപ്രിൽ മാസത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 207 17-9-2009-ന് മറുപടിക്ക്

## മാലിന്യമുക്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി.ടി.എ.റഹിം<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) മാലിന്യമുക്ത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) 1. ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ശുചിത്വ മിഷൻ രൂപീകരിച്ചു.<br>2. കേന്ദ്രസർക്കാർ സഹായത്തോടെ ശുചിത്വ മേഖലയിലെ പ്രവർത്തനത്തിന് സി.സി.ഡി.യു (കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ്) പ്രവർത്തനമാരംഭിച്ചു.<br>3. ഖരമാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളും യൂണിറ്റ് കോസ്റ്റും, പ്രവർത്തി പരിപാലനരീതിയും പ്രസിദ്ധ പ്പെടുത്തി.<br>4. ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിൽ 2008-09-ൽ 451 ലക്ഷം രൂപയും 2009-10-ൽ 700ലക്ഷം രൂപയും വകയിരുത്തി.<br>5. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 6 തീവ്ര ശുചീകരണ പരിപാടി സംഘടിപ്പിച്ചു.<br>6. പ്ലാസ്റ്റിക് വസ്തുക്കളുടെ നിയന്ത്രണം കർശനമാക്കി.<br>7. ഓരോ പഞ്ചായത്തിലും ശുചിത്വ സമീപനരേഖ തയ്യാറാക്കി.<br>8. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ വർഷവും കുറഞ്ഞത് 2 റോഡുകളെങ്കിലും, ചവർ രഹിത റോഡുകളായി മാറ്റുന്നതിന് വേണ്ട നടപടികളെടുത്തുവരുന്നു. |

9. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും ശുചിത്വ രംഗത്ത് പിന്നോക്കം നിൽക്കുന്നതും ബി.പി.എൽ കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്നതുമായ കോളനികളുടെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനായി സമഗ്ര കോളനി ശുചിത്വ പദ്ധതിരേഖ തയ്യാറാക്കി.

10. 96 ലക്ഷം ടോയ്‌ലറ്റുകളും 1090 ശുചിത്വ സമുച്ചയങ്ങളും സ്ഥാപിച്ചു.

11. 3600 സ്കൂൾ ടോയ്‌ലറ്റുകളും 4957 അംഗനവാടി ടോയ്‌ലറ്റുകളും സ്ഥാപിച്ചു.

12. 49 മുനിസിപ്പാലിറ്റികളിലും 44 പഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും നൽകി.

13. വിപുലമായ വിവര-വിദ്യാഭ്യാസ-വിനിമയ പരിപാടി സംഘടിപ്പിച്ചുവരുന്നു.

14. മിഷന്റെ പ്രവർത്തനങ്ങളും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഒരു വെബ് സൈറ്റ് പ്രവർത്തനം ആരംഭിച്ചു.

15. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം സാങ്കേതികസഹായം നൽകുന്നതിന് ജില്ലാ സാങ്കേതിക സമിതികൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യു.

(ബി) കേരളത്തിൽ എത്ര പഞ്ചായത്തുകൾക്ക് നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

ബി) 826 ഗ്രാമപഞ്ചായത്തുകൾക്കും, 96 ബ്ലോക്ക് പഞ്ചായത്തുകൾക്കും, 4 ജില്ലാ പഞ്ചായത്തുകൾക്കും ഇതുവരെ അവാർഡ് ലഭിച്ചിട്ടുണ്ട് (ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ഒന്നായി കൊടുത്തിട്ടുണ്ട്.)

(സി) ഗ്രാമ- പഞ്ചായത്തുകൾക്ക് സ്വന്തമായി സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ കഴിയാത്ത സ്ഥിതിക്ക് ബ്ലോക്കടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ;

സി) മാലിന്യങ്ങൾ ഉണ്ടാകുന്ന സ്ഥലത്ത് തന്നെ സംസ്കരിക്കുന്ന പദ്ധതിക്കാണ് മിഷൻ മാലിന്യമുക്ത കേരള പദ്ധതിയിലൂടെ ഊന്നൽ നൽകി വരുന്നത്. ആയതുകൊണ്ട് മാലിന്യ ഉല്പാദന കേന്ദ്രങ്ങളായ വീടുകൾ, കടകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ചെറിയ രീതിയിലുള്ള സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം

നൽകിവരുന്നു. സ്ഥലലഭ്യതയും സാങ്കേതിക പ്രത്യേകതകളും പരിഗണിച്ച് ഗ്രാമപഞ്ചായത്തുകളുടെ കൂട്ടായ്മയിലൂടെ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലം പഞ്ചായത്ത് കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിന് സാധിക്കാത്ത പക്ഷം ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണം കൂടി ഉറപ്പാക്കി മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കുന്നതിന് പരിഗണിക്കുന്നതാണ്.

| | | |
|---|---|---|
| ഡി) | ഇപ്രകാരമുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്; | ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനും ഇതിനായി പദ്ധതികൾ തയ്യാറാക്കുന്നതിനുമായി പ്രാഗത്ഭ്യം പരിഗണിച്ചുകൊണ്ട് സർക്കാർ മൂന്ന് ഏജൻസികളെ അക്രഡിറ്റഡ് ഏജൻസിയായും, 25 ഏജൻസികളെ സേവനദാതാക്കൾ (Service Providers) ആയും നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികളുടെ പട്ടിക ഇതോടൊപ്പം അനുബന്ധം 2 ആയി ചേർക്കുന്നു. |
| ഇ) | ഇവരെ ഗ്രാമപഞ്ചായത്തുകളിലും മാലിന്യം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തുമോ? | ഇ) സാങ്കേതിക മേന്മയോടെ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിനും, പ്രവർത്തന പരിപാലനം നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനാണ് അക്രഡിറ്റഡ് ഏജൻസികളെയും സർവ്വീസ് പ്രൊവൈഡർമാരേയും നിശ്ചയിച്ചിട്ടുള്ളത്. ഇവരുടെ സേവനം ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാണ്. എന്നാൽ ഈ ഏജൻസികളെ മാലിന്യം ശേഖരിക്കുന്നതിനു മാത്രമായി ചുമതലപ്പെടുത്തിയിട്ടില്ല. മാലിന്യ ശേഖരണത്തിന് ഗ്രാമപഞ്ചായത്തുകൾ അവരുടെ സ്വന്തം ജീവനക്കാരേയോ, കുടുംബശ്രീ, അയൽക്കൂട്ടം പോലെയുള്ള സ്വയം സഹായ സംഘ സംവിധാനങ്ങളേയോ ആണ് ഉപയോഗപ്പെടുത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 208 — 17.09.2009 ൽ മറുപടിയ്ക്ക്

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ കെ.ബാബു | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചതെന്നാണ്;

(എ) ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി 2008–09 പദ്ധതിക്കാലം മുതൽ നടപ്പാക്കുന്നതിനാണ് തീരുമാനിച്ചത്.

(ബി) അന്നുമുതൽ ഇതുവരെ ഈ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചു;

(സി) ഈ മന്ത്രിസഭയുടെ കാലാവധി തീരുന്നതിന് മുമ്പ് ഈ പദ്ധതി പ്രകാരം എത്ര വീടുകൾ കൂടി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി & സി) ഇതുവരെ 32436 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭവന രഹിതരുടെ അർഹത പരിശോധിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടികൾ 2009 സെപ്റ്റംബർ 30–നകം മാത്രമെ പൂർത്തിയാക്കുകയുള്ളൂ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത/ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ഡി) ഈ ലക്ഷ്യം നേടുവാൻ എന്തെല്ലാം നടപടികളെടുത്തു?

(ഡി) ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ഭവനരഹിത/ഭൂരഹിത കുടുംബങ്ങൾ ഇ.എം. എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹരാണ്. പട്ടികജാതി–പട്ടിക വർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യ തൊഴിലാളികൾ എന്നീ വിഭാഗങ്ങളിലെ ഭവനരഹിത/ഭൂരഹിത വിഭാഗങ്ങളും ഇ. എം. എസ് ഭവന നിർമ്മാണ ധന

സഹായത്തിന് അർഹരാണ്. പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിന് വിവിധ തലങ്ങളിൽ പരിശോധനാടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പരിശോധനാ ടീം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും യോഗ്യരെ നിശ്ചയിക്കുക. അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള അവസാന തീയതി 2009. സെപ്റ്റംബർ 30 ആണ്. പരിശോധനാ പ്രക്രിയ പൂർത്തിയാക്കിയതിനു ശേഷം മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സമഗ്ര ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഗ്രാമസഭയുടെ അംഗീകാരം തേടുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിന് വായ്പ ആവശ്യമുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. **209** — 17.9.2009-ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മോണിറ്ററിംഗ് സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ.സി.കെ.പി. പത്മനാഭൻ:<br>ശ്രീ.കെ.സി. രാജഗോപാലൻ:<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | എ. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നിർവ്വഹണ അവലോകനത്തിനായി സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിയ്ക്കുന്നുണ്ട്. അതോടൊപ്പം സംസ്ഥാനതലത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം അവലോകനം ചെയ്യുന്നതിനും മോണിറ്ററിംഗിനുമായി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനു സംസ്ഥാനതല ക്വാളിറ്റി കോ-ഓർഡിനേറ്റർമാരും പ്രവർത്തിയ്ക്കുന്നുണ്ട്. തൊഴിലുറപ്പ് നിയമ പ്രകാരമുള്ള ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും പദ്ധതികളുടെ മുഖ്യ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് ആണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിയ്ക്കുന്നുണ്ട്. വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റും നടത്തി വരുന്നു. |
| ബി. ഇതിനായി സംസ്ഥാന വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടോ; ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്; | ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം വിലയിരുത്താനായി പ്രത്യേകമായി സംസ്ഥാന വിജിലൻസ് & മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നിർവ്വഹണ അവലോകനത്തിനായി സംസ്ഥാന തലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.<br>I. ചെയർമാൻ - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി.<br>II. മെമ്പർ സെക്രട്ടറി- തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി. |

III. <u>മറ്റ് അംഗങ്ങൾ</u>

(i) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിക്കുന്ന 4 ലോകസഭാ അംഗങ്ങൾ.

(ii) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിക്കുന്നഒരു രാജ്യ സഭാംഗം.

(iii) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന 5 നിയമസഭാ സാമാജികർ.

(iv) ഗ്രാമവികസനം, ധനകാര്യം, പൊതുമരാമത്ത് (ഗ്രാമീണ റോഡ്) റവന്യൂ, ആസൂത്രണം, കൃഷി, മൃഗസംരക്ഷണം, ജലസേചനം, പൊതുജനാരോഗ്യം (PHE) , സാമൂഹ്യക്ഷേമം, സഹകരണം, വനം, മത്സ്യബന്ധനം മുതലായ വകുപ്പുകളിലെ സെക്രട്ടറിമാർ/ വകുപ്പ് അദ്ധ്യക്ഷൻമാർ.

(V) ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്.

(vi) പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ/തലവൻ.

(vii) വനിതാ വികസന കോർപ്പറേഷൻ തലവൻ/ മാനേജിംഗ് ഡയറക്ടർ.

(viii) ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിക്കുന്ന കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ഒരു പ്രതിനിധി.

(ix) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിക്കുന്ന നാല് അനൗപചാരിക അംഗങ്ങൾ.

(x) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിക്കുന്ന രണ്ട് പ്രശസ്ത സർക്കാരിതര സ്ഥാപനങ്ങളിലെ/വോളണ്ടറി ഏജൻസിയിൽ നിന്നും ഓരോ അംഗങ്ങൾ.

(xi) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിക്കുന്ന സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ഒരു ഏരിയാ ഓഫീസർ.

| | | | |
|---|---|---|---|
| സി. | പ്രസ്തുത സമിതിയിലേയ്ക്ക് കേന്ദ്രസർക്കാർ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യാറുണ്ടോ; സംസ്ഥാന വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതി ഇതുവരെ എത്ര യോഗം ചേർന്നിട്ടുണ്ട്; | സി. | ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് 3 യോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| ഡി. | മോണിറ്ററിംഗ് സമിതികൾ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ടോ; | ഡി. | ഉണ്ട്. |
| ഇ. | ജില്ലാ സമിതികളുടെ പ്രവർത്തനം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുമോ ? | ഇ. | ജില്ലാതലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും യഥാസമയം യോഗം ചേരുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 210

17-9-2009 ൽ
മറുപടിയ്ക്ക്

### ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട താമസസൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം നൽകുന്നതിന് ആവശ്യമായ ഹോട്ടലുകൾ സംസ്ഥാനതത് ലഭ്യമാണോ ; | എ) ഹോട്ടൽ മുറികളുടെ ദൗർലഭ്യം സംസ്ഥാനത്ത് അനുഭവപ്പെടുന്നുണ്ട്. ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഒരു സമഗ്ര വിവരശേഖരണ സർവ്വേ ടൂറിസം വകുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ വിവിധ കാറ്റഗറികളിലായി 37,800 മുറികൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. ഹോട്ടൽ മുറികളുടെ ആവശ്യകത സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിൽ 2010 ആകുമ്പോഴേക്കും 64,595 മുറികളുടേയും 2020 ആകുമ്പോഴേക്കും 1,04,671 മുറികളുടേയും ആവശ്യകത കണക്കാക്കി യിരിക്കുന്നു. |
| ബി) ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ : | ബി) മെച്ചപ്പെട്ട മുറികളുടെ ദൗർലഭ്യം പരിഹരിച്ച് കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനായി കേരളാ ടൂറിസം ഹോം സ്റ്റേ പദ്ധതി, ഗൃഹസ്ഥലി, ഫാം ടൂറിസം തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.ടി.ഡി.സിയുടെ കീഴിൽ മുഴിപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ട് സ്ഥാപിക്കാൻ നടപടി കൾ ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സിയുടെ മൂന്നാറിലെ നിലവിലുള്ള ഹോട്ടലിൽ |

| | | |
|---|---|---|
| | | കൂടുതൽ മുറികൾ പണിയാനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. സുൽത്താൻ ബത്തേരി, നിലമ്പൂർ, പൊന്മുടി എന്നിവിടങ്ങളിൽ കെ.ടി.ഡി.സി. ഹോട്ടലുകൾ ആരംഭിച്ചു. ബി.ആർ.ഡി.സി യുടെ കീഴിൽ 5 റിസോർട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ ബേക്കൽ ബീച്ചിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യത്തിനായി എക്സിക്യൂട്ടീവ് ടെന്റുകൾ സജ്ജമാക്കുകയും തണൽ വിശ്രമകേന്ദ്രത്തിൽ താമസസൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് ഈ രംഗത്തു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ : | സി) | കൊച്ചി, കുമരകം, വർക്കല എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ താജ്ഗ്രൂപ്പിന്റെ കീഴിൽ ഹോട്ടൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ ടൂറിസം സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പൊതു-സ്വകാര്യ കൂട്ടു പങ്കാളിത്ത മാതൃകയിൽ ഉള്ള ഹോട്ടലുകൾ ഉൾപ്പെടെയുള്ള വിവിധ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |
| ഹോട്ടൽ വ്യവസായ രംഗത്ത് സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ : | ഡി) | സ്വീകരിച്ചിട്ടുണ്ട്. |
| ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആൻഡ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ഇ) | പൂർത്തിയായിട്ടില്ല; നടപടികൾ സ്വീകരിച്ചുവരുന്നു. |

Saraswathi

സെക്ഷൻ ഓഫീസർ